UNIVERSITY LIBRARY
6 MAR 1932
MADRAS
285

# കൈരളി

പുസ്തകം ൧൩ | ൧൧൦൭ ധനു | ലക്കം ൯.

## ഭൂമിയുടെ ഭാവി.

### ഒരു പ്രശ്നം.

പ്രഥമദൃഷ്ടിയിൽ അസാദ്ധ്യവും അഗമ്യവുമാണെന്നു തോന്നുമെങ്കിലും ഭഗ്നാശയരാകാതെ ഭൂമിദേവിയെ ഭജിക്കുവിൻ.

വാൾട്ട് വിററ്മാൻ.

ഭൂസൂര്യഗോളങ്ങളുടെ പുരാവൃത്തങ്ങൾ അവിഭേദ്യസംബന്ധത്തോടുകൂടിയവയാണ്. ഭൂമിയുടെ തേജസ്സിനെന്നല്ല ജീവനുംതന്നെ ആധാരം ആദിത്യനത്രെ. നാകലോകത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന കോടാനുകോടി നക്ഷത്രങ്ങളും മററനേകം ഗ്രഹങ്ങളും സൃഷ്ടികർത്താവിന്റെ മായാവിലാസത്താൽ പെട്ടെന്നു തിരോധാനം ചെയ്യുന്നതായാൽ ജന്തുജീവിതത്തിനു യാതൊരു ന്യൂനതയും സംഭവിപ്പാനില്ല. ചന്ദ്രൻതന്നെ പൊടുന്നനവെ പൊടിഞ്ഞു അന്തരിക്ഷത്തിൽ ലയിക്കുന്നതായാൽ കൂടി ജീവസന്ധാരണത്തിന്നു വേണ്ടി നവീനങ്ങളായ തന്ത്രങ്ങളെ മനുഷ്യൻ അംഗീകരിക്കേണ്ടിവരികയില്ല. അന്ധകാരമൊഴിഞ്ഞ രജനിയൊ വേലാകുലമായ ജലരാശിയൊ നാമാവശേഷമാകുമെന്നു മാത്രം. മറിച്ച് ആദിത്യൻ ഒരു ജ്യോതിർബിംബമല്ലാതാകുന്ന ആ നിമിഷത്തിൽ ഭൂമിയുടെ ആയുസ്സ് പരിമിതമായിത്തീരുന്നു.

ഭൂമിയുടെ ഭാവി പ്രശ്നത്തിൽ ആദിത്യനൊഴിച്ചുള്ള ഗ്രഹങ്ങൾക്കു ഗുരുതരമായ സ്ഥാനമൊന്നുമില്ല. പ്രകൃതിക്കു സാരമായ മാററങ്ങൾ ഒന്നും സംഭവിയ്ക്കാതിരിക്കുന്നതായാൽ ഭാവിയിലും ഭൂഗോളം അധിവാസയോഗ്യംതന്നെയാണ്. ഭൂപ്രകൃതി ആദിത്യന്റെ അംശുപ്രസരണശക്തി (Radiation) യെ അവലംബിച്ചാണിരിക്കുന്നതു്. ഈ ശക്തിക്കു ഗണ്യമായ ക്ഷയവും വർദ്ധനയും ലോകപ്രകൃതിക്കു് ഒരു പരിവർത്തനം ഉളവാക്കുന്നു. പദാർത്ഥശാസ്ത്രമാകട്ടെ ഊന്നി പ്രസ്താവിക്കുന്നു ഈ ശക്തി

കൾ കാലാന്തരത്തിൽ അപകർഷമുണ്ടാകുമെന്നു്. സൂര്യനിൽനിന്നും നാലുകോടി ടൺ തൂക്കത്തിന്നു തുല്യമുള്ള അംശം ഇന്നു പ്രവഹിച്ചുകൊണ്ടേ ഇരിക്കയാൽ അതിന്നനുസരിച്ചുള്ള ക്ഷയവും ആ ഗോളത്തിന്റെ ഘന(Mass)ത്തിന്നു് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആദിത്യന്റെ അംശുപ്രസരണശക്തി ഏകദേശം അതിന്റെ ഘനത്തിന്റെ ഘനവർഗ്ഗത്തിന്‌ ഒപ്പമാണു്. ഈ ശാസ്ത്രദൃഷ്ട്യാ വാദമുഖത്തെ വീക്ഷിക്കുമ്പോൾ സൂര്യനിൽനിന്നും നിർഗ്ഗളിക്കുന്ന പ്രഭാപടലത്തിന്നു പ്രതിനിമിഷം തീക്ഷ്ണത ക്ഷയിച്ചാണു വരുന്നതെന്നു സാധിക്കാം. എന്നാൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം ദീപങ്ങളിൽ രണ്ടോ നാലോ കെട്ടുപോയാൽ ദുഷ്പ്രേക്ഷ്യമായി ലസിക്കുന്ന ദീപ്തിക്കു കാര്യമായ ക്ഷീണത നമുക്കനുഭവപ്പെടാത്തതുപോലെ സൂര്യപ്രഭക്കുള്ള ക്ഷയവും തൽക്കാലം നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്നില്ല. ഗണിതശാസ്ത്രം കൂടി നമ്മുടെ സഹായത്തിന്നെത്തിച്ചേരുമ്പോൾ ഉദ്ദേശം ദശകോടി വർഷങ്ങൾക്കുള്ളിൽ സൂര്യഗോളത്തിന്റെ ഘനം ഇന്നുള്ളതിന്റെ ദശാംശമാകുമെന്നും മേലുദ്ധരിച്ച പ്രമാണമനുസരിച്ചു സൂര്യപ്രഭ ഇന്നത്തേതിൽ സഹസ്രാംശമാകുമെന്നും നിരൂപിക്കാവുന്നതാണു്. മാത്രമല്ല, ഗ്രഹങ്ങൾ തമ്മിലുള്ള ദൂരം അവയുടെ ആകർഷണശക്തിയേയും ആകർഷണശക്തി അവയുടെ ഘനത്തേയും ആശ്രയിച്ചിരിക്കുന്നതാകയാൽ സൂര്യഗോളത്തിന്റെ ഘനം പത്തിലൊരംശമാകുമ്പോൾ സൂര്യനും ഭൂമിയും തമ്മിലുള്ള ദൂരം പത്തിരട്ടിക്കുന്നു. ഒരു തേജഃപുഞ്ജത്തിന്നു മറ്റൊരു മണ്ഡലത്തെ പ്രകാശിപ്പിപ്പാനുള്ള ശക്തി അവ തമ്മിലുള്ള ദൂരത്തിന്റെ ഘനത്തെയനുസരിച്ചു കുറയുന്നു. അതിനാൽ ആദിത്യതേജസ്സ് സഹസ്രാംശമായി ക്ഷയിക്കയും, പോരാ, ഭൂമണ്ഡലം പത്തിരട്ടി ദൂരത്താകുകയും ചെയ്യുമ്പോൾ ഭൂമിക്കു സാധീനമാകുന്ന തേജസ്സ് എത്രയോ ലഘുവായിത്തീരുന്നു. മറ്റൊരു പ്രഭാമണ്ഡലത്തിന്റെ സഹായത്താൽ തേജോമയമായിത്തീരുന്ന ഒരു വസ്തുവിന്റെ ഉഷ്ണപരിമാണം ആ മണ്ഡലത്തിന്നുള്ള പ്രഭാവിതരണശക്തിയുടെ ചതുർഘാതമൂലത്തെ പ്രമാണിച്ചിരിക്കുന്നതാണു്. അതിനാൽ ഭാവിയിൽ ഭൂഗോളത്തിന്റെ ഉഷ്ണപരിമാണം ഇന്നുള്ളതിന്റെ പതിനെട്ടിലൊരംശമായിത്തീരുവാൻ ന്യായമുണ്ടു്. ഇന്നത്തെ ഉഷ്ണമാത്ര (Absolute tewperature) 273 ഡിഗ്രിയാകയാൽ അന്നു് അതു 15 ഡിഗ്രി ആയേക്കാവുന്നതുമാണു്. ജലം ഘനീഭൂതമാകുവാൻ തക്ക ശൈത്യം ഭൂമിയിലെങ്ങും വ്യാപിച്ചു നിരക്ഷദേശത്തുള്ള ജലാശയങ്ങൾകൂടി കട്ടിയായിത്തീരുന്നതോടുകൂടി ഇക്കാലത്തുള്ള ജീവിവർഗ്ഗത്തിന്നു ഭൂവാസം ദുസ്സാദ്ധ്യമാകുന്നു. എന്നാൽ സൂര്യരശ്മിയോ, ജലമോ, വർഷമോ ഇല്ലാത്ത

ആ ഭാവിയിൽ അസ്വാസ്ഥതയൊന്നും കൂടാതെ ജീവിതം നയിക്കാവുന്ന സൃഷ്ടികൾ ഭൂമിയിൽ അവതരിച്ചേക്കാമെന്നു പരിണാമശാസ്ത്രം വാദിക്കുന്നുണ്ട്.

വിദൂരമായ ഭാവിയിൽ ഭൂമിയുടെ സ്ഥിതി സംക്ഷിപ്തമായി വിസ്തരിച്ചുകഴിഞ്ഞു. ഒരുപക്ഷെ അതിന്നു എത്രയോ കാലംമുമ്പുതന്നെ വ്യാഴൻ (Jupiter), ശനി (Saturn) തുടങ്ങിയ ഗ്രഹങ്ങൾ മന്ദോഷ്ണതയെ പ്രാപിച്ചു നമ്മെപ്പോലുള്ള ജീവികളുടെ നിവാസത്തിന്നു യോഗ്യമായിത്തീരുവാൻ വിരോധമില്ല. രസതന്ത്രം മുതലായ ശാസ്ത്രങ്ങൾ ഉപര്യുപരി ഉൽക്കർഷത്തെ പ്രാപിച്ചു ഇതരഗോളങ്ങളിലേക്കുള്ള യാത്രയ്ക്കുപയുക്തങ്ങളായ വാണവിമാനം (Rocket aeroplane) പോലുള്ള യന്ത്രസാമഗ്രികൾ രംഗപ്രവേശം ചെയ്യാവുന്നതുമാണ്. അങ്ങിനെ ഒരുകാലം വരുന്നതായാൽ ഒന്നിനു പകരം എട്ടും ഒമ്പതും പൂർണ്ണചന്ദ്രന്മാർ ഉദിച്ചുയർന്നു അന്തരീക്ഷമെങ്ങും പാൽമയമായ ചന്ദ്രികയാൽ ആറാടിക്കുന്ന ഒരു ലോകത്തേക്കു പുറപ്പെടുവാൻ ആർ ആശിക്കാതിരിക്കും!

ഒഹൊ! ഒരുകാര്യം വിസ്മരിച്ചുപോയി. വ്യാഴൻ ശനി മുതലായ ഗ്രഹങ്ങളുടെ എട്ടും ഒമ്പതും ഉപഗ്രഹങ്ങളുടേയും ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രന്റേയും ഭാവിയെന്ത്? ചന്ദ്രന്റെ ഭൂതവർത്തമാനഭാവികളെപററി ഒന്നു വിചിന്തനം ചെയ്യാം.

ഭൂഗോളം അർദ്ധദ്രവഭാവത്തോടുകൂടിയിരുന്ന കാലത്തു അതിശക്തിയായുള്ള ഭ്രമണം ഹേതുവായി തെറിച്ചുപോയ ഒരു ശകലമാണല്ലൊ ശീതളാംശു. അക്കാലത്തു ഈ രണ്ടു ഗോളങ്ങൾ സമീപസ്ഥിതങ്ങളായിരുന്നതിനാൽ അന്യോന്യമുള്ള ആകർഷണശക്തി രണ്ടിലുമുള്ള ജലാംശങ്ങളിൽ ഭീകരങ്ങളായ തിരമാലകളെ ഉൽപാദിപ്പിച്ചു. ഗംഭീരസാഗരങ്ങളെ ക്ഷോഭാകുലങ്ങളാക്കിത്തീർപ്പാൻ വേണ്ട ശക്തിവ്യയം ചെയ്കയാൽ അവയ്ക്കുള്ള ആകർഷണശക്തി ക്ഷയിക്കുകയും പോരാതെവന്ന ശക്തി ഈ ഗോളങ്ങളുടെ ഭ്രമണശക്തിയിൽനിന്നു അല്പാല്പം വിനിയോഗിക്കേണ്ടിയും വന്നു. ഭ്രമണശക്തിക്കു അപകർഷം നേരിട്ടതോടുകൂടി താരതമ്യേന ബലഹീനനായ ചന്ദ്രൻ തന്റെ സ്ഥാനത്തിന്നു ഭ്രംശം സംഭവിച്ചു ഭൂമിയിൽനിന്നും അകന്നു. ഈ അകലിച്ചക്കു മറെറാരു ശക്തികൂടി ഭാഗഭാക്കാകുകയും ചെയ്തു. ഭൂഗോളത്തിനു സ്വതന്ത്രമായ ഒരു ചലനം ഉണ്ടായിരുന്നില്ലെങ്കിൽ ചന്ദ്രനാഭിമുഖമായ സാഗരങ്ങളിൽ മാത്രമാണ് കോളിളക്കമുണ്ടാകേണ്ടതു്. എന്നാൽ ഈ ഗോളത്തിന്റെ ഭ്രമണശക്തി ചന്ദ്രഗോളത്തിന്റെ ആകർഷണശക്തിയെ ശിഥിലീകരിക്കയാൽ കോളിളക്കികാണുന്നതു ഭൂചന്ദ്രഗോളങ്ങളുടെ കേന്ദ്രങ്ങളെ യോജിപ്പിക്കു

ന്ന രേഖയുടെ അല്പം മുമ്പോട്ട് (കിഴക്കോട്ടു) തള്ളിക്കിടക്കുന്ന ജലരാശികളിലാണ്. പർവ്വതസമാനങ്ങളായ തരംഗങ്ങളെ ചന്ദ്രൻ ബലത്തോടെ പിമ്പോട്ടാകർഷിക്കയാൽ ഭൂമിയുടെ ഭ്രമണഗതിക്കു അല്പം വിഘ്നം നേരിടുന്നുണ്ടെന്നുള്ളതു ഈ സന്ദർഭത്തിൽ സ്മർത്തവ്യമാണ്. മറിച്ചു ഈ തിരമാലകൾ (tidal progretions) ചന്ദ്രന്റെ ഭ്രമണഗതിക്കു തീവ്രത കൂട്ടിക്കാണേണ്ടതാണെന്നു ഊഹിക്കാം. എന്നാൽ നടക്കുന്ന സംഭവം അതല്ല. ചന്ദ്രന്റെ ആകാരം ഈ ആകർഷണത്തിനായത്തമായി ആയതമാകയും അതിനാൽ ആ ഗോളം ഈ ഭൂമിയിൽനിന്നു അകലുകയുമാണു ചെയ്യുന്നതു്. ഈ രണ്ടു കാരണങ്ങളാൽ ഭൂമിക്കു ചുററും അതിന്റെ പ്രദക്ഷിണത്തിന്നു വേണ്ട സമയം ദീർഘിച്ചുവരികയാണ്.

ചന്ദ്രനും അതിന്റെ അക്ഷരേഖക്കു ചുററും തീവ്രഗതിയോടുകൂടി പണ്ടു ചുററിയിരുന്നു. ഭൂമിയുടെ ആകർഷണം ഹേതുവായി ആ ഗോളത്തിലെ ജലാശയങ്ങളിൽ ജാതങ്ങളായ തിരമാലകൾ ഭൂമിയിൽ കണ്ടുവരുന്നവയേക്കാൾ തുലോം ഭീഷണങ്ങളായിരിക്കേണ്ടതാണെന്നു ഭൂചന്ദ്രമണ്ഡലങ്ങളുടെ വലുപ്പത്തെ താരതമ്യപ്പെടുത്തിയാൽ അറിയാമല്ലോ. അങ്ങിനെയുള്ള തിരകളിന്മേലുള്ള ഭൂമിയുടെ ആകർഷണം ചന്ദ്രഗോളത്തിന്റെ ഭ്രമണശക്തിയെ അതിലംഘിച്ചു ചന്ദ്രഭ്രമണത്തിന്നു വേണ്ടസമയത്തെ ദീർഘിപ്പിച്ചു. ഇതിനാലാണ് ചന്ദ്രന്റെ ഒരേവശം മാത്രം നമുക്കെപ്പോഴും ദൃശ്യമാകുന്നതു്.

പ്രൊഫസർ ജെഫ്രിസു ശഠിക്കുന്നു, ആദ്യകാലത്തു ചന്ദ്രനു ഭൂമിയെ ഒരുവട്ടം പ്രദക്ഷിണം ചെയ്വാനും ഭൂമിക്കു് അക്ഷരേഖക്കു ചുററും ഒരു വട്ടം തിരിയുവാനും വേണ്ടസമയം സമമായിരുന്നുവെന്നു്. രണ്ടിനും അഞ്ചുമണിക്കൂർ മാത്രമേ വേണ്ടിവന്നിരുന്നുള്ളുവത്രെ. അനന്തരകാലങ്ങളിലാണു ചന്ദ്രൻ ഇത്ര അകലത്തേക്കു മാറിയതും ഭൂമിയുടെ "ചക്രം തിരിച്ചി"ലിന്നു വേണ്ടസമയം ഇരുപത്തിനാലു മണിക്കൂറായതും. ഈ പരിവർത്തനങ്ങൾക്കു ഹേതുഭൂതങ്ങളായ ശക്തികൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതാകയാൽ കാലാന്തരത്തിൽ ചന്ദ്രനിലേക്കു ഭൂമിയുടെ ഒരേവശംതന്നെ ദൃശ്യമാകത്തക്കവിധത്തിൽ ഭൂമിയുടെ ഭ്രമണവേഗത ക്ഷയിച്ചു സമയം ദീർഘിക്കുന്നതാണ്. അന്നു ചന്ദ്രനു ഭൂമിയെ ഒരിക്കൽ വലം വെപ്പാനും ഭൂമിക്കു് ഒരു വട്ടം അക്ഷരേഖക്കു ചുററും തിരിയുവാനും നാല്പത്തെട്ടുമണിക്കൂർ വേണ്ടിവരും.

ഈ അവസ്ഥ പ്രാപിച്ചു സമുദ്രങ്ങൾ കാററുകൾ ശാന്തങ്ങളായി ഭവിച്ചാൽ "വായിച്ച ഏടുകൾ പിന്നോക്കം വായിച്ചുതുടങ്ങാം."

സൂര്യഗോളത്തിന്റെ ആകർഷണശക്തി ഹേതുവായി ഉൽപന്ന

മാകുന്ന സമുദ്രക്ഷോഭങ്ങൾ താരതമ്യേന നിസ്സാരങ്ങളാകയാൽ അവയെ നാം സ്മരിക്കുകയുണ്ടായില്ല. എന്നാൽ ഈ ദശയിൽ അവക്കു പ്രാധാന്യം സിദ്ധിച്ച ചന്ദ്രന്റെ ആകർഷണശക്തിയാൽ ക്ഷയിച്ചുവശായ ഭൂഗോളത്തിന്റെ ഭ്രമണഗതിയെ ഇവയും തടയുന്നു. ചന്ദ്രന്റെ ഭൂമിക്കു ചുററുമുള്ള പ്രദക്ഷിണത്തിന്നു വേണ്ടസമയം വ്യത്യാസപ്പെട്ടത്തില്ലെങ്കിലും ഭൂമിയുടെ ചലനത്തിന്നുവേണ്ട സമയത്തേക്കാൾ കുറയുകയായി. തൽഫലമായി ചന്ദ്രൻ പശ്ചിമാംഭോധിയിൽ അവതരിച്ചു പൂർവ്വദിക്കിൽ അസ്തമിച്ചുതുടങ്ങുന്നു. ചന്ദ്രമാസത്തിന്നു ദൈർഘ്യം സംഭവിക്കുന്നില്ലെങ്കിലും നമ്മുടെ ദിവസങ്ങൾ നീണ്ടുതുടങ്ങുകയുമായി.

പോരാ, ചന്ദ്രചലനത്തിന്നു താരതമ്യേന തീവ്രത വർദ്ധിക്കുമ്പോൾ ഭൂമിയിൽ ചന്ദ്രഗോളത്തിന്റെ ആകർഷണം ഹേതുവായി ഉണ്ടാകുന്ന തിരകൾ രണ്ടാമതും കർമ്മവ്യഗ്രങ്ങളായി. എന്നാൽ അവയുടെ പ്രവൃത്തി പദ്ധതി തീരെ വിപരീതദശയെ അനുക്രമിക്കുന്നു. ചന്ദ്രഗോളങ്ങളുടെ കേന്ദ്രങ്ങളെ യോജിപ്പിക്കുന്ന രേഖക്കു സ്വല്പം പിമ്പോട്ടു മാറിയുള്ള സമുദ്രങ്ങളിലാണ് ഇപ്പോൾ ക്ഷോഭം കണ്ടുതുടങ്ങുക എന്നും അതിനാൽ ആകർഷണശക്തി ഭൂമിയുടെ ഭ്രമണത്തിന്നു ശക്തി കൂട്ടുമെന്നും തൽഫലമായി ചന്ദ്രൻ ഭൂമിയിലേക്ക് ഉപഗമിച്ചു തുടങ്ങുമെന്നും സ്പഷ്ടമാണല്ലൊ.

ഭൂമിയിലേക്കുള്ള പ്രത്യാഗമനവേളയിൽ ചന്ദ്രഗോളം ഭൂഗോളത്തിന്റെ വർദ്ധിതവും കഠിനവുമായ ആകർഷണം ഹേതുവായി വികൃതമാകുന്നു. പ്രസ്തുതകാലത്തുതന്നെ ഭൂമിക്കെതിരായ അതിന്റെ മുഖം ആയതമാണ്. ഭൂമിയിലേക്കുള്ള പ്രത്യാഗമനവേളയിൽ ചന്ദ്രഗോളം ഭൂഗോളത്തിന്റെ വർദ്ധിതവും കഠിനവുമായ ആകർഷണഹേതുവായി വികൃതമാകുന്നു. പ്രസ്തുതകാലത്തുതന്നെ ഭൂമിക്കെതിരായ അതിന്റെ മുഖം ആയതമാണ്. ഭൂമിക്കടുക്കുംതോറും ഈ മുഖം നീണ്ടുനീണ്ട് ഉദ്ദേശം ഭൂമിയുടെ വ്യാസത്തിന്നു രണ്ടര ഇരട്ടി അകലമെത്തുന്തിക്കഴിഞ്ഞാൽ അതിന്റെ നീളം വീതിക്കിരട്ടിയാകുന്നു. ഈ ദശയിൽ ചന്ദ്രൻ രണ്ടായി മുറിഞ്ഞു പിരിയുകയല്ലാതെ ഗത്യന്തരമില്ല. അന്നു ഭൂമിക്കു ചന്ദ്രഗ്രഹങ്ങളായി രണ്ടു ചന്ദ്രന്മാരുണ്ടാകുന്നു. എന്നാൽ ഇതു് അധികകാലത്തേക്കു ദൃശ്യമാകത്തക്ക ഒരു പരിവർത്തനമല്ല. ഈ രണ്ടർദ്ധഗോളങ്ങളും ഭൂമിയോട്ട് പിന്നെയും അടുത്തുകൊണ്ടിരിക്കുന്നതാകയാൽ ഏറെത്താമസിയാതെ ഭൂഗോളത്തിന്റെ അതിതീക്ഷ്ണമായ ആവാഹശക്തി ദുസ്സഹനീയമായിരുന്നു. ചൂർണ്ണീകരിക്കപ്പെട്ടു ഭൂമണ്ഡലത്തിന്നു ചുററും ഇന്നു ശനിഗ്രഹത്തിന്നുള്ളുകാണുന്നതുപോലെ അംഗുലീയാകൃതിയിൽ ഒരു തേജസ്സായി പര്യവസാനിക്കയും ചെയ്യും. എന്തൊരു ഹൃദയാവർജ്ജകമല്ലയ

കാഴ്ചയായിരിക്കും അതു്. ചന്ദ്രനുപകരം മഴവില്ലുപോലെയുള്ള ഒരു തേജോരൂപം അന്തരിക്ഷത്തിൽ!

ഭൂചന്ദ്രനാടകത്തിലെ അന്ത്യരംഗം ഇതാണു്. ഈ പരിവൎത്തനങ്ങൾക്കു വേണ്ടിവരുന്ന കാലം ഉദ്ദേശം നിൎണ്ണയിക്കാം. ചന്ദ്രൻ ഭൂമിയിൽനിന്നും ഏററവും അകലുവാൻ 5000 കോടി വൎഷങ്ങളോളവും അതിന്നുശേഷം ഭൂമിയിലേക്കു തിരിച്ചെത്തുവാൻ അതിലും അധികം കാലവും വേണ്ടിവരും. ഒരുകാൎയ്യം തീൎച്ചതന്നെ. ചന്ദ്രന്റെ ഒടുവിലത്തെ പരിവൎത്തനദശയാകുമ്പോഴെക്കും ഭൂമി വല്ലാതെ ശീതളമായി ജീവരാശികൾക്കധിവാസത്തിന്നു യോഗ്യമല്ലാതായിത്തീരും.

ചന്ദ്രന്റെ ശിരസ്സിലെഴുത്തുതന്നെയാണു മററുള്ള ഉപഗ്രഹങ്ങളുടേയുമെന്നു സാമാന്യമായി ഊഹിക്കാം. മാൎസിന്റെ ഉപഗ്രഹമായ ഫോബാസ് പൊടിഞ്ഞു അന്തരിക്ഷത്തിൽ വൃത്താകൃതിയിലുള്ള ഒരു തേജസ്സായി പരിണമിക്കുവാൻ ഏറെക്കാലം വേണ്ടാത്തതാണു്. ഇതുപോലെതന്നെ മററുപഗ്രഹങ്ങളും.

എം. എൻ. മണാളർ, ബി. എ.

---

## 'എന്റെ വേളി'

I

വന്നടുത്തെന്നോ വേളി-
മുഹൂൎത്തം? പിടയ്ക്കുക
സന്നമാം ഹൃദന്തമേ,
ശാന്തമായിരുന്നാലും
കാലമെൻ ശിരസ്സിങ്ക-
ലണിയിക്കയായ് മുല്ല-
മാല; ഫാലത്തിൽ ചേൎത്തു.
കഴിഞ്ഞു വരക്കുറി.
വരണം വരൻ മാത്രം,
ആസന്നമായിപ്പോമീ.
വരണം; സനാതന-
നിയമം ലംഘിക്കാമോ.

II

ഹാ, വിറച്ചുപോം ലോകം
നാമമാത്രത്താൽ, ഞാനാ-
ജ്ജീവിതേശനെപ്പററി-
കേട്ടിരിക്കുന്നു പണ്ടേ!

ഭൂവിലദ്ദേഹം വിട്ടും
    കൈതട്ടി നീക്കാനില്ല-
ജീവിതം; തരിച്ചുഴ്ച
    തലചായ്ക്കാനേ പററൂ.
കാമത്തിനല്പം ഭാവ-
    മില്ലേനാ; തത്സന്ദേശ-
സ്തോമത്തെ യെത്തിക്കുന്ന
    രാപ്പകൽപ്പിറാവുകൾ
വാനിലെപ്പോഴും കാണാം
    സഞ്ചരിപ്പതായിട്ടു;
ഞാനിച്ചാററയെ ബ്ബന്ധി-
    ച്ചിട്ടുവാനാശിക്കുന്നു.
പലരെപ്പാണിഗ്രഹം
    ചെയ്തിരിക്കുന്നൂ പണ്ടേ;
പഴമാർഗ്ഗത്തിലു-
    മിപ്പോഴും നടക്കുന്നു
പതിഗേഹത്തിൽ ചേരാൻ
    യാത്രയാകലും, ബന്ധു-
തതിതൻ നിരുദ്ധാശ്രു-
    വർഷവു മിടയ്ക്കിടെ.
കുടിവച്ചതിൻ ശേഷം
    ജന്മഗേഹത്തെക്കാണാ-
നിടയാക്കുമേ കുന്നി-
    ല്ലുഗ്രശാസനമെന്നോ!
ഹാ! തിരിച്ചവിടെ നി-
    ന്നാഗമിക്കുന്നില്ലാരു-
മോതിടാൻ; അന്തഃപുരം
    നാകമോ നരകമോ!

III

മാമക ഹൃദന്തത്തിൽ
    മാററൊലിക്കൊണ്ടീടുന്നു-
ണ്ടാമന്ദം സമീപിക്കും
    പതിതൻ പദന്യാസം.

കാൽ വിനാഴികകൂടി
ഞാൻ പിറന്നൊരീവീട്ടിൽ
മേവിടാൻ കഴിഞ്ഞെങ്കിൽ!
— ഇത്രവേഗമോ യാത്ര!
മേനിമേ വിറയ്ക്കില്ല,
ചുണ്ടിണ ചലിക്കില്ല,
ഗ്ലാനിവന്നുദിക്കില്ല,
വിളറിപ്പോകില്ലാസ്യം,
സമയം വരുന്നേരം
സൎവ്വശക്തമാം കൈയിൽ
മമ ജീവിതം ക്ഷുദ്രം
സസ്മിതം സമൎപ്പിക്കും.

IV

സ്നേഹപൂൎണ്ണമായെന്നെ
നോക്കി വീൎപ്പിടും ജന്മ-
ഗേഹമേ, പൊങ്ങുന്നില്ല
യാത്രചോദിപ്പാൻ ശബ്ദം.
ഇന്നു നിൻ സൗന്ദൎയ്യത്തെ
പൂൎണ്ണമായ് ഞാൻ കാണുന്നി-
തിന്നു നിൻ പ്രേമം മൂലം
മന്മനം പിളരുന്നു.
വിരഹത്തിലല്ലാതെ
ലാവണ്യം സമഗ്രമായ്
നിരവദ്യമായിട്ടു
കാണുവാൻ കഴിവീല.
പ്രേമത്തിൻ തിളക്കങ്ക-
ണ്ടതു ചെന്നെടുക്കായ്വിൻ;
ഭീമമാം ഖഡ്ഗത്തേക്കാൾ
മൂൎച്ചയേറിയതത്രെ.
ഉദ്രസം നിഴലുക-
ളന്യോന്യം പുൽകിപ്പുകി
നിദ്രചെയ്തിടും പച്ച-
പ്പുല്ലാൎന്ന നിൻതോട്ടത്തിൽ

താവുമൗത്സുക്യത്തോടേ
　　　　നാളെയും പുലർച്ചക്കു
പൂവുകൾ ജലാർദ്രമാം
　　　　കൺ തുറന്നയ്യോ! നോക്കും
അത്ര വന്നിരിക്കാറു-
　　　　ണ്ടവയായ് സംസാരിപ്പാ-
നെത്രയും മെലിഞ്ഞു നീ-
　　　　ണ്ടുള്ളൊരു രൂപം സൗമ്യം.
അഴലാലവ പറ-
　　　　ഞ്ഞിട്ടു മന്യോന്യം നോക്കി:—
"നിഴലായിരുന്നൊരു നാ
　　　　സ്നേഹാധാരമാത്രരൂപം!"

ജി. ശങ്കരക്കുറുപ്പ്.

# രാധ.

പുരാണങ്ങളുടെ ഭണ്ഡാരം വിസ്തുലരത്നങ്ങളെ സഞ്ചയിച്ചിട്ടുണ്ട്. ആ ദിവ്യരത്നങ്ങളുടെ അക്ഷയഭാസ്സാണ് ആധുനികരുടെ ഹൃദയങ്ങളെക്കൂടിയും പ്രകാശമാനങ്ങളാക്കുന്നത്. സുന്ദരമായ അന്തരീക്ഷത്തിൽ അനിർവ്വേദ്യമായ പ്രഭാപ്രസരം വീശി വിലസുന്ന താരകൾ ആ രത്നങ്ങളുടെ പരിണാമാന്തരങ്ങളല്ലെന്നാരറിഞ്ഞു!

ഭാരതത്തിന്റെ ഭൂതകാലചരിത്രത്തെ ഭാസുരമാക്കിയിരുന്ന ഹേമദീപം—ലോകത്തിന്റെ തടാകത്തിൽ വിടർന്ന ചെന്താമരപ്പുഷ്പം—രാധ—ആ ഭാഗ്യവതിയെപ്പറ്റി കേൾക്കാത്ത കാതു ഭാരതത്തിലില്ല. രാധാകൃഷ്ണന്മാരെപ്പറ്റിപ്പാടിയിട്ടില്ലാത്ത കവികളില്ല. അവരുടെ മധുരകഥാശ്രവണത്തിൽ കുളിരിയലാത്ത ഹൃദയമില്ല.

ആരുടെ കവനകലാനൈപുണിയെയാണോ മഹാഭാരതം പ്രഖ്യാപനം ചെയ്യുന്നത്—ആരുടെ ഭക്തിഗാനകുശലതയാണോ മഹാഭാഗവതത്തിൽ അങ്ങോളമിങ്ങോളം കളിയാടുന്നത്—ആ പുണ്യാത്മാവായ പുരാണഗായകൻ, ആ സാക്ഷാൽ വേദവ്യാസൻപോലും ആത്മാഭിമാനമകുടത്തെ അവനമിപ്പിക്കുമാറു പാടുന്നു:—"വന്ദേ നന്ദവ്രജസ്ത്രീണാം പാദരേണു മഭീക്ഷ്ണശം" ആ നന്ദവ്രജസുന്ദരിമാരിൽ നടുനായകമായിരുന്നു രാധ. അവളോ? കേവലം ഒരു നാട്ടുപെണ്ണ്. പശുക്കറവുകൊണ്ടുപജീവനം കഴിച്ചുപോന്ന പാവപ്പെട്ട ഒരു പാമരയുവതി. എന്നാൽ എന്തു? കൊട്ടാരങ്ങളിലെ പട്ടുസാരിയണിഞ്ഞ പരമലാവണ്യവതികളും പർണ്ണശാ

ലകളിലെ ജടാമകുടവും ജപമാലയും ഭസ്മലേപവും ധരിച്ച തപസ്വിനിമാരും രാധയുടെ കാക്കൽ കുമ്പിടണം. അവളുടെ അംഗലാവണ്യം അകൃത്രിമമായിരുന്നു. ആ ആത്മാവിന്റെ സൌന്ദര്യം അതിലും ആസ്വാദ്യമായിരുന്നു, അചഞ്ചലമായിരുന്നു.

പ്രേമം, പ്രണയം, സ്നേഹം, രാഗം, ഭക്തി എന്നിങ്ങിനെ ഏതു പര്യായപദം വേണമെങ്കിലുമുപയോഗിക്കാം. ഇവയെല്ലാം ഏറെക്കുറെ ഒരേ ഒരു മനോഭാവത്തിന്റെ വിവിധദശകളെയാണു കുറിക്കുന്നതു്. "ഞാൻ" എന്നും "എന്റെ"യെന്നും ഉള്ള ബോധം നശിച്ചു "ഞാനും" "നീയും" ഒന്നുതന്നെയെന്നുള്ള അനുഭൂതിയത്രെ യഥാൎത്ഥപ്രേമത്തിന്റെ ഏററവും ഉയൎന്ന അററം. അവിടെ ആനന്ദം—അഖണ്ഡമായ ആനന്ദം—ശീതം ഉഷ്ണം സുഖം ദുഃഖം ഇത്യാദി ദ്വിതപദാൎങ്ങൾ എത്തിനോക്കാത്ത ആ പരമാനന്ദം കുടികൊള്ളുന്നു. ആ ആനന്ദത്തിലേയ്ക്കുള്ള ഒരു യാത്രയാണു ജീവിതം. അതാണ് ഏവരുടേയും ഏകലക്ഷ്യം. രാധ അവിടെ എത്താറായിരുന്നു. അനവധികാലം നിൎജ്ജനങ്ങളായ ഗഹനകാനനങ്ങളിൽ അതിദുഷ്കരതപശ്ചര്യകളനുഷ്ഠിക്കാതെയും "നാരായണനസ്മരണനാമജപം പുരാണപാരായണം ഭജനമച്ചനാ"മിത്യാദിയായി ആജീവനാന്തം അനുഷ്ഠാനങ്ങൾ അനുവൎത്തിക്കാതെയും തന്നെ രാധയ്ക്കു പരമാത്മാവിൽ ലയിക്കുക സാദ്ധ്യമായിരുന്നു. അവളുടെ വഴി നിൎമ്മലവും നിസ്വാൎത്ഥവും ആയ പ്രേമം, അചഞ്ചലമായ ഭക്തി, അതെ, ഉന്നതമായ ആനന്ദമാൎഗ്ഗമായിരുന്നു. ദൈവഭക്തി ഒരുതരം മദ്യമാണ്. അതു ലഹരി പിടിപ്പിക്കും. രാധയ്ക്കു് ആ മദ്യം സുലഭമായിരുന്നു. അവൾ അതു് ആകണ്ഠം പാനം ചെയ്തു. രാധ—ഒരു ജീവാത്മാവു—കൃഷ്ണനെ സാക്ഷാൽ പരമാത്മാവിനെ സ്നേഹിച്ചു. അവൾ പാടിയിരുന്നു,

"മന്മനോദൈവതം തന്മഴക്കാറൊത്ത
നന്മണിമാറിലെൻതാന്തഗാത്രം
പററിക്കിടക്കട്ടെ നാളികനാളിയ
പ്പൂച്ചത്തടാകത്തിലെന്നപോലെ."

അവൾക്കു കൃഷ്ണനിൽ അവളുടെ പ്രേമസൎവ്വസ്വത്തിൽ ലയിക്കുവാനത്യന്തം ആഗ്രഹമുണ്ടു്.

"തൂമഞ്ഞുതുള്ളിയായ്ത്തീൎന്നിരുന്നാകിൽ ഞാ-
നാമണിവൎണ്ണന്റെ പാദന്യാസം
നെഞ്ചിലോരാനന്ദതുന്ദിലം പുഞ്ചിരി
തഞ്ചിമരിച്ചേനെ നിത്യതൃപ്ത".

ഇതല്ലേ യഥാൎത്ഥമായ പ്രേമം! ഇതുതന്നെയല്ലേ ജീവാത്മപരമാത്മൈക്യത്തിന്റെ രഹസ്യം. രാധ കാണുന്നതെല്ലാം ആ ശ്യാമകോമ

ളമായ മഞ്ജുരൂപത്തെയാണ്. അവളുടെ സ്മരണയെല്ലാം ആ നീലാഞ്ജനത്തെപ്പററി മാത്രം. പല്ലവങ്ങളുടെ മൃദുമർമ്മരത്തിലും കാളിന്ദിയുടെ കളസ്വനത്തിലും കോകിലങ്ങളുടെ മധുരകൂജനത്തിലും കേൾക്കുന്ന ഓടക്കുഴലിൽനിന്നൊഴുകുന്ന ആ ദിവ്യഗീതാമൃതത്തെ. കണ്ണനെ കാണാത്തപ്പോൾ അവൾക്കു നെടുവീർപ്പുതന്നെ. ആ ഉഷ്ണവും ദീർഘവും ആയ ശ്വാസത്തിൽ— രാമകൃഷ്ണ പരമഹംസൻെറ "അമ്മേ" വിളിയിലെന്നപോലെ ഒരു വലിയ ഉൽക്കണ്ഠ കലൎന്നിരിക്കുന്നു. രാധ ചരാചരത്തിൽ തൻെറ പ്രേമധാമത്തെ ദശിക്കുന്നു. അവൾ പരമാത്മാവിൻെറ നിത്യസംഗീതം എപ്പോഴും ശ്രവിക്കുന്നു

രാധ മരിച്ചുപോയി. ശരിതന്നെ. എന്നാൽ കാളിന്ദിയാററിൻകര'യിലെ 'കണ്ണിന്നമൃതധാര'യായ 'പച്ചപ്പുൽത്തകിടി'യിൽ— കുളിരമ്പിളിയണിയിച്ച പിതനിരാളത്താൽ പതിന്മടങ്ങു പരിലസിച്ചിരുന്ന ആ പാവനഭൂവിൽ—അമ്പാടിമണിക്കുഞ്ഞിൻെറ കളകേളീവിലാസരംഗമായിരുന്ന വൃന്ദാവനത്തിൽ ഉഴറുന്ന കണ്ണോടെ കണ്ണൻെറ വരവിനെ ഉററുനോക്കിക്കൊണ്ടു കാത്തിരുന്ന രാധ തീച്ചയായും മരിച്ചിട്ടില്ല. കവികളുടെ ഭാവനയിൽ രാധ ജീവിക്കുന്നു. ചന്ദ്രൻെറ രജതധാരയിൽ, സമുദ്രത്തിലെ തരംഗപരമ്പരകളിൽ അവൾ സോല്ലാസം നൃത്തം ചെയ്യുന്നു. അവളുടെ പുളകങ്ങൾ വൃന്ദാവനത്തിലെ പുല്ലുകളും— ആ കവിൾത്തുടുപ്പു പുലരിയും— ആ പരിശുദ്ധരക്തം പനിനീർ പൂക്കളും സൂക്ഷിക്കുന്നു. ആ പ്രേമം ഓരോ ജീവാത്മാക്കളിലുമുണ്ട്.

കെ. പി.

"ഖേദം തീൎന്നാഞ്ഞു പൂമെയ് പുളകമൊടുപൂണ-
ന്നിടവേ രാധ, രാഗാൽ
നാദം കൊണ്ടൊട്ടുലഞ്ഞോരവളുടെ മൃദുമെയ്
മെല്ലെമെല്ലെത്തലോടി,
മോദംചേക്കുന്ന മന്ദസ്മിതരുചിവളരും
കോമളാസ്യം കുനിച്ചാ-
സ്വേദം ചിന്നും കുളിർപ്പൂങ്കവിളിണമുകരും
കണ്ണനെൻകണ്ണിലാമോ!"

രാജൻ.

# ഇന്നത്തെ വിദ്യാലയജീവിതം.

വിദ്ദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു പല മഹാന്മാരും പല വിധത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യന്റെ മനസ്സിൽ നിലീനങ്ങളായി കിടക്കുന്ന സദ്വാസനാബീജങ്ങളെ പ്രത്യുൽബോധനം ചെയ്കയാണ് വിദ്ദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതെന്നു ഒരു കൂട്ടർ; ലോകത്തിൽ ഉത്തമമായവിധം ജീവിക്കുന്നതിന്നുപയുക്തങ്ങളായ സാധനങ്ങളെ മനുഷ്യന്നു സമ്പാദിച്ചുകൊടുക്കുകയാണ വിദ്ദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമെന്നു മറെറാരു കൂട്ടർ; മനുഷ്യന്റെ അജ്ഞതയേയും അവശതകളേയും ദൂരികരിച്ചു അവനെ യഥാൎത്ഥജ്ഞാനസമ്പന്നനാക്കി ക്രമേണ പരിപൂൎണ്ണതയിലേക്കു നയിക്കുന്നതാണ് യഥാൎത്ഥവിദ്ദ്യാഭ്യാസം എന്നു മൂന്നാമതൊരു വകക്കാർ; ഉൽകൃഷ്ടനായ ഒരു പൌരനും ഉത്തമനായ ഒരു സമുദായസേവകനും ആയി പ്രശോഭിക്കത്തക്കവിധം ഒരു മനുഷ്യന്റെ സ്വഭാവത്തെ സംസ്കരിക്കുകയാകുന്നു വിദ്ദ്യാഭ്യാസത്തിന്റെ മുഖ്യമായ കൃത്യം എന്നു അപരന്മാർ; ഇങ്ങിനെ ഈ വിഷയത്തെക്കുറിച്ചു മഹാന്മാരുടെ ഇടയിൽ അഭിപ്രായ വൈവിദ്ധ്യം കാണുന്നു. വിദ്ദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു മേല്പറഞ്ഞ ഓരോ അഭിപ്രായവും ഓരോ സാരമായ തത്വത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്നു എന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ വേറെ വേറെ എടുത്തു വിചിന്തനം ചെയ്യുമ്പോൾ ഓരോന്നും അപൂൎണ്ണമായിട്ടാണു കാണപ്പെടുന്നതെന്നുള്ളതും വാസ്തവമാണ്. ഈ നിൎവ്വചനങ്ങളെ മനസ്സിൽ വെച്ചുകൊണ്ടു ഇന്നത്തെ വിദ്ദ്യാഭ്യാസരീതിയെക്കുറിച്ചു നിരൂപിച്ചു തുടങ്ങിയാൽ അവയിൽ ഒന്നുപോലും സാധിക്കുന്നതിന്നു ആയതു് അനുകൂലമല്ലെന്നുള്ള പരിതാപകരമായ സംഗതി ആൎക്കും ബോധപ്പെടുന്നതാണ്. ആധുനികവിദ്ദ്യാഭ്യാസത്തിന്റെ ശോചനീയമായ ഈ ദുശാവസ്ഥക്കു കാരണമെന്തെന്നു വിദ്ദ്യാഭ്യാസധുരന്ധരന്മാർ ആലോചിച്ചു തുടങ്ങിയിട്ടു കാലമൊട്ടേറെയായി. വിദ്ദ്യാഭ്യാസവിഷയത്തിൽ ഒരു പരിവൎത്തനം—സൎവ്വതോമുഖമായ ഒരു പരിവൎത്തനം വരുത്തേണ്ടതാണെന്നു നിരീക്ഷണപടുക്കളായ ചില ഉൽപ്പതിഷ്ണുക്കൾ ഒട്ടുകാലമായി ഉച്ചൈസ്തരം ഉൽഘോഷിക്കുന്നതു കേവലം വനരോദനമായിട്ടാണു പരിണമിച്ചു കാണുന്നതു്. ഇന്നത്തെ വിദ്ദ്യാലയജീവിതത്തെ ഒന്നു സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചുനോക്കുന്ന ഏതൊരാൾക്കും അതിന്റെ അനാശാസ്യവും ആപൽക്കരവുമായ അവസ്ഥയെക്കുറിച്ചു പരിതാപം തോന്നാതിരിക്കയില്ല. വിദ്ദ്യാലയങ്ങളോടു ബന്ധപ്പെട്ട ഒരു ജീവിതം നയിക്കുവാൻ വിധിയാൽ നിൎബ്ബന്ധിതനായ ഈയുള്ളവന്നു ഇന്നത്തെ വിദ്ദ്യാഭ്യാസത്തിന്റെ നിരാശാജനകവും ഹൃദയഭേദകവുമായ

അവസ്ഥാവിശേഷത്തിന്റെ നിത്യാവലോകനംകൊണ്ടു് ഉള്ളിൽ "തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ തെല്ലൊതുക്കുന്നതിന്നായി" മാത്രം തൂലികയെ ഈ പ്രവൃത്തിക്കു വിനിയോഗിക്കുന്നതാണു.

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനദോഷം അതു നമ്മുടെ സമുദായത്തിന്റെ സർവ്വ സംസ്കാരങ്ങളെയും പാടെ നശിപ്പിച്ചുകളയുന്നുവെന്നുള്ളതാണു്. ഓരോ സമുദായത്തിന്നും പ്രത്യേകവിധത്തിലുള്ള ഓരോ സംസ്കാരവിശേഷങ്ങളുണ്ടായിരിക്കും. അനേകകാല സംസിദ്ധങ്ങളായ ഈ സംസ്കാരങ്ങളിലായിരിക്കും ആ വക സമുദായങ്ങളുടെ ജീവൻ കിടക്കുന്നതും. അങ്ങിനെയാണെങ്കിൽ അന്യ സംസ്കാരാഭിഭൂതമായ ഒരു സമുദായത്തിന്നു സ്വസംസ്കാരവിശേഷങ്ങളെ ഉത്തേജിപ്പിക്കുവാൻ അവസരം ലഭിക്കായ്കയാൽ അതു നിർജ്ജീവമായിത്തീരുമെന്നുള്ളതിൽ പക്ഷാന്തരത്തിന്നു വകയില്ലല്ലോ. അതുകൊണ്ടു വിദ്യാഭ്യാസം ഓരോ സമുദായത്തിന്റെയും ജീവഭൂതമായ സംസ്കാരവിശേഷത്തെ സംരക്ഷിക്കുവാൻ പര്യാപ്തമായതായിരിക്കണമെന്നു സിദ്ധിക്കുന്നു. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസരീതി തീർച്ചയായും ഈ ഉദ്ദേശ്യസാദ്ധ്യത്തിന്നു പ്രതികൂലമായിട്ടുള്ളതാണു്. തന്മൂലം ഹൈന്ദവസമുദായം നിർഗ്ഗതപ്രാണമായിത്തീർന്നിട്ടുള്ളതിൽ അശേഷം അത്ഭുതപ്പെടുവാനില്ല. "ഈസോപ്പിന്റെ കള്ളക്കഥകൾ" മുതൽ ബണിയന്റെ "തീർത്ഥയാത്രക്കാരന്റെ പുരോഗമനം" വരെ തുടർന്നു വായിച്ചു ബിജാക്ഷരബിരുദനേടി വിദ്യാലയങ്ങളിൽനിന്നു ജയഭേരിയോടെ പുറത്തുവരുന്ന ഒരു വിദ്യാർത്ഥിയിൽ ഭാരതീയ സംസ്കാരത്തിന്റെ ഒരു കണികപോലുമെങ്ങിനെ നിലനില്ക്കും? ഡെയിൻകാരുടെ ആക്രമണത്തെ തടുത്ത അത്ഭുത വിക്രമനായ ആൽഫ്രഡിന്റെ അപദാനങ്ങൾ മുതൽ ഇന്നത്തെ പാർല്ലിമെണ്ടുഭരണത്തിന്റെ പരമാദർശം വരെയുള്ള സർവ്വവും ഉരുക്കഴിച്ചു സമർത്ഥരായ ചരിത്രപടുക്കൾക്കു ഒരു വിക്രമാദിത്യന്റെയൊ ഒരു ഭോജന്റെയൊ ഒരു ശിവജിയുടെയൊ നാമശ്രവണം നിരസജ്ഞകമാകാതിരിപ്പാൻ നിവൃത്തിയുണ്ടോ? വെസ്റ്റ്മിനിസ്റ്റർ പള്ളിയുടെയും തംസാനദിയുടെയും മാഹാത്മ്യത്തെ പഠിപ്പാനും പുകഴ്ത്താനും നിരന്തരം അഭ്യസിക്കപ്പെട്ട പാവത്തിന്നു കാശിയെയും ഗംഗയെയും കുറിച്ചു എങ്ങിനെ അനാസ്ഥയില്ലാതിരിക്കും? പിരങ്കിയുടെ കർണ്ണഭേദകമായ ശബ്ദത്തെയും കൈത്തോക്കിന്റെ ഹൃദയഭേദകമായ പ്രവൃത്തിയെയും സദാ പരിചയിച്ചിട്ടുള്ള ഒരു ജീവിക്കു സ്നേഹത്തിന്റെ ആഹ്വാനങ്ങളും, സാഹോദര്യത്തിന്റെ വ്യാപാരങ്ങളും ആകർഷകങ്ങളായിരിക്കുമോ? നാം നമ്മുടെ ചുററും ഒന്നു നോക്കുക! വിദേശച്ചരക്കുകൾ നമ്മുടെ അങ്ങാടികളെ ആക്രമിച്ചിരിക്കുന്നു. വിദേശസ്സാമാനങ്ങൾ നമ്മുടെ വീടുകളിൽ സ്ഥലം പിടിച്ചിരിക്കുന്നു. വ

ദേശാദർശങ്ങൾ നമ്മുടെ ജീവിതത്തെ മലിനപ്പെടുത്തുന്നു. വൈദേശികാദർശങ്ങൾ നമ്മുടെ മനസ്സിനെ അധീനപ്പെടുത്തുന്നു. വൈദേശികാചാരങ്ങൾ നമ്മുടെ നിത്യജീവിതത്തെ മലീമസമാക്കുന്നു. ആ സ്ഥിതിക്കു വൈദേശികസംസ്കാരം വിദ്യാലയങ്ങളിൽ സ്ഥാനമുറപ്പിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? ചുരുക്കിപ്പറയുന്നതായാൽ ഭാരതീയസംസ്കാരത്തെ ഉത്തേജിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസ പദ്ധതി രൂപീകൃതമാവുന്നതുവരെ സജീവന്മാരാണെങ്കിലും നിർജ്ജീവന്മാരായ നാം വിരോധാഭാസത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായിരിക്കും.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്നു വ്യക്തികളെ ജീവിതനിർവ്വഹണത്തിനു സമർത്ഥരാക്കുകയാണെന്നു ആദ്യത്തെ ഖണ്ഡികയിൽ പ്രസ്താവിച്ചുവല്ലോ. വിദ്യാഭ്യാസോദ്ദേശ്യങ്ങളെക്കുറിച്ചു സ്ഥൂലദൃഷ്ടിയോടുകൂടി വിചിന്തനം ചെയ്യുമ്പോൾ തോന്നുന്ന സംഗതിയാണ് മേല്പറഞ്ഞതെന്നു നിരാക്ഷേപമാണ്. പക്ഷെ പാശ്ചാത്യലോകം ഇന്നു വിദ്യാഭ്യാസത്തിന്റെ പരമാദർശമായി സ്വീകരിച്ചിട്ടുള്ളതു ഇതാണെന്നറിയുമ്പോൾ ഈ അഭിപ്രായത്തിനു കുറച്ചധികം ഗൌരവം വെച്ചുകൊടുക്കുവാൻ പലരും ഉദ്യുക്തരായേക്കാം. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസം ഈ ഉദ്ദേശ്യത്തെ എത്രമേൽ നിറവേററുന്നുണ്ടെന്നു ചിന്തിച്ചുനോക്കിയാൽ നടുങ്ങിപ്പോകാത്തവർ വല്ലവരുമുണ്ടെങ്കിൽ അവർ അസാധാരണമായ കരളുറപ്പുള്ളവർ തന്നെയായിരിക്കണം. പൂർവ്വന്ത്യാ സംഘത്തിനു ഗുമസ്തന്മാരെ സമ്പാദിക്കുവാൻവേണ്ടി ആരംഭിക്കപ്പെട്ട ഒരു വിദ്യാഭ്യാസരീതി ഇന്നും ആ ഉദ്ദേശ്യം പൂർണ്ണമായി നിറവേററുന്നുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകം തന്നെയല്ലേ. ജീവിതനിർവ്വഹണത്തിനു ഇതിലധികം സഹായിക്കുന്ന മററു മാർഗ്ഗമെന്താണു? അന്യരുടെ ചിന്തകളെ അപ്പടി പകർത്തെഴുതുന്നതിനുള്ള വൈദഗ്ദ്ധ്യത്തികവിൽ മീതെ ആശാസ്യമായി മറെറന്താണുള്ളതു്? ഉത്തമമായ ജീവിതം ഗുമസ്തന്മാരുടെതാണെങ്കിൽ അതു നിർവ്വഹിക്കുന്നതിനു ഉത്തമമായ വിദ്യാഭ്യാസം ഇന്നത്തേതുമാണെന്നു നിസ്സംശയമാണ്. എന്നാൽ അഭ്യസ്തവിദ്യന്മാരായ യുവാക്കൾക്കു ഇന്നു "പേനയുന്തുന്ന" ആ ജോലിപോലും ശശവിഷാണപ്രായമായിരിക്കുന്നുവെന്നു നമുക്കു നിത്യാനുഭവമാണല്ലോ. ഇതിൽനിന്നു ജീവിതനിർവ്വഹണത്തിനു എത്രത്തോളം ഇന്നത്തെ വിദ്യാഭ്യാസം ഉതകുന്നുണ്ടെന്നു അനുമേയമല്ലയോ? കേവലം പട്ടിണിപ്പട്ടാളങ്ങളെ മാത്രം സൃഷ്ടിക്കാനുതകുന്ന ഈ വിദ്യാഭ്യാസ രീതിയെ ഉടച്ചുവാർക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ജീവിതം എന്തെന്നു മനസ്സിലാക്കുവാൻ

ഉപകരിക്കാത്ത ഒരു വിദ്യാഭ്യാസംകൊണ്ടു ജീവിതനിർവ്വഹണം സാധിക്കാമെന്നു പറയുന്നതിലുള്ള യുക്തിവൈകല്യം മന്ദബുദ്ധികൾക്കു കൂടി സ്പഷ്ടമായിരിക്കും. സുഗന്ധതൈലങ്ങൾ പുരട്ടി ചീകിമിനുക്കിയ ക്രോപ്പും. സദാ ധൂമം വമിക്കുന്ന വക്ത്രവും. തുണ്ടുമീശയാൽ അലംകൃതമായ വദനവും അണുഃപോലും പിഴക്കാതെ ഐറോപ്യരീതിയിൽ ചെയ്തിട്ടുള്ള വസ്ത്രധാരണവും നാടൻമട്ടുകളെപ്പററി പുച്ഛരസം വഴിഞ്ഞൊഴുകുന്ന മന്ദഹാസാഞ്ചിതമായ ഓഷ്ഠപുടങ്ങളും മിശ്രഭാഷയിലുള്ള സംസാരവും, ബെഡ്ടീയും (Bedtea) ഈവനിങ്ങ് വാക്കും (Evening walk) ടെന്നിസ്സ കളിയും കൂടിച്ചേർന്നാൽ ഉത്തമമായ ഒരു ജീവിതരീതിയാകുമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസം അതിന്നു അത്യന്തം ഉപകരിക്കുന്നുണ്ടെന്നു സശിരഃകമ്പം സമ്മതിക്കാം.

ഇനി ഒന്നു ചിന്തിപ്പാനുള്ളത് ആധുനികവിദ്യാഭ്യാസം നിമിത്തം അദ്ധ്യേതാക്കളുടെ സ്വഭാവം എത്രത്തോളം സംസ്കരിക്കപ്പെടുന്നുണ്ടെന്നാണ്. സ്വഭാവസംസ്കരണം സാദ്ധ്യമാക്കുന്നതിന്ന് അനുകൂലങ്ങളായ യാതൊരു പരിതഃസ്ഥിതികളും വിദ്യാലയങ്ങളിൽ ഇന്നു കാണുന്നില്ലെന്നുള്ള വാസ്തവം സർവ്വവിദിതമാണ്. അച്ഛനമ്മമാരെ പുച്ഛിക്കയും ഗുരുനാഥന്മാരെ ധിക്കരിക്കയും ദുർമ്മാർഗ്ഗത്തിൽനിന്നു രേഖാമാത്രം വ്യതിചലിക്കാതിരിക്കയും ചെയ്യുന്നതാണു സ്വഭാവസംസ്കരണമെന്നുണ്ടെങ്കിൽ അതു ധാരാളം ഇന്നു സാധിക്കപ്പെടുന്നുണ്ടെന്നുതന്നെ പറയാം. ഈ വിഷയത്തിൽ കുട്ടികളെ മാത്രം കുററംപറഞ്ഞിട്ടാവശ്യമില്ല. അദ്ധ്യാപനരീതിയേയും അദ്ധ്യാപകന്മാരുടെ പെരുമാററത്തേയും കൂടി ഈ ദുരവസ്ഥക്കുള്ള ഹേതുക്കളായി വിചാരിക്കണം. മതവിദ്യാഭ്യാസത്തിന്നു വിദ്യാലയങ്ങളിൽ സ്ഥാനമില്ലാത്തതുകൊണ്ടാണ് ഈ വിഷയത്തിൽ ഇത്ര വിഷമത നേരിടുന്നത്. മതത്തിൽ വേരൂന്നിനില്ലാത്ത യാതൊരു വിദ്യാഭ്യാസവും സ്വഭാവത്തെ സംസ്കരിക്കുകയില്ല. ദുഷ്ടന്മാരും കള്ളന്മാരും ദുർമ്മദന്മാരുമായ രാജാക്കന്മാൎക്കും പരാക്രമികൾക്കും പരിപൂർണ്ണമായ വിജയം സംഭവിച്ചിട്ടുള്ളതായി ചരിത്രോദാഹരണങ്ങൾ ഉണ്ടെന്നു മനസ്സിലാക്കുന്ന വിദ്യാർത്ഥികളെ ജീവിതവിജയത്തിന്ന് അതേ മാർഗ്ഗം പിന്തുടരുന്നതിൽനിന്നു വിരമിപ്പിക്കുന്നതിന്നു മറെറാരു ശക്തിയുടെ സഹായവും വിദ്യാലയങ്ങളിൽനിന്നു ലഭിക്കുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസം ബുദ്ധിശക്തിയെ വികസിപ്പിക്കുന്നുണ്ടെന്നു സമ്മതിക്കുവാൻ ചില ന്യായങ്ങൾ കണ്ടേക്കാമെങ്കിലും ഹൃദയത്തിന്റെ വ്യാപാരത്തെ അതു തീരെ മന്ദീഭവിപ്പിക്കുന്നുവെന്നു സമ്മതിക്കാതെ ഗത്യന്തരമില്ലതന്നെ. ബി. എ. പാസ്സായ ഒരു വിദ്യാർത്ഥി വിദ്യാലയത്തിൽനിന്നു പുറത്തുവന്ന ശേഷം തന്റെ വിജ്ഞാനസമ്പത്തിനെ—അങ്കഗണിതം, ബീജഗണിതം, മനശ്ശാസ്ത്രം മുതലായ

വ അഭ്യസിച്ചു വികാസം പ്രാപിച്ചിട്ടുള്ള തന്റെ ബുദ്ധിയെ—മോഷണത്തിന്നും സന്മാൎഗ്ഗലംഘനങ്ങൾക്കുമായി വിനിയോഗിച്ചാൽ അതു് എത്രത്തോളം സങ്കടകരമാണു്. സത്യം, ദയ, സ്നേഹം മുതലായ സദാചാരങ്ങൾക്കു വിദ്യാലയങ്ങളിൽനിന്നു പരിപോഷണം ലഭിക്കായ്കയാലും മററു ഉപജീവനമാൎഗ്ഗങ്ങളൊന്നും ഇന്നത്തെ അഭ്യസ്തവിദ്യന്മാൎക്കു കരഗതമല്ലാത്തതിനാലും മോഷണം മുതലായ ദുർവൃത്തികൾ തങ്ങളുടെ വൎദ്ധിച്ച ബുദ്ധിശക്തിയുപയോഗിച്ചു ചെയ്യുമെന്നും വിദ്യാശൂന്യന്മാരായ കള്ളന്മാരേക്കാൾ ഇവർ പരിശോഭിക്കുമെന്നും കരുതേണ്ടകാലം ആസന്നമായിരിക്കുന്നു. ആധുനികവിദ്യാൎത്ഥികൾ ബുദ്ധിശക്തിയെ ദുർവ്യയം ചെയ്തു പല സംഗതികളും ഉരുവിട്ടു പഠിപ്പിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷെ ശരിയായ ജീവിതം നയിക്കുന്നതിന്നു് ഉപകരിക്കുന്നതോ സന്മാൎഗ്ഗസ്ഥിരത അവരിൽ ഉളവാക്കുന്നതിന്നു പൎയ്യാപ്തമായതോ ആയ യാതൊന്നും ആ പഠിപ്പിലില്ലെന്നു സവ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതിന്നും പുറമേ മതബോധമുള്ള അദ്ധ്യാപകന്മാരുടെ വിരളതയും കുട്ടികളെ ദുൎമ്മാൎഗ്ഗികളാക്കുന്നതിന്നുതകുന്നു. അഹൎവൃത്തി സമ്പാദിക്കാൻ വേണ്ടിമാത്രവും വേണ്ടതുമാത്രവും ചിലതെല്ലാം പഠിച്ചു് ഒരു സർട്ടിഫിക്കററും കൊണ്ടു വാദ്ധ്യാരായിവരുന്ന ഒരാൾക്കു മതത്തെയും സന്മാൎഗ്ഗത്തെയും കുറിച്ചു ബോധമുണ്ടാകുമോ? അവരുടെ കീഴിൽ അദ്ധ്യയനം ചെയ്യുന്ന കുട്ടികൾക്കെങ്ങിനെ മതബോധമുണ്ടാവും? പുറമെ, അനുകരണശക്തി വൎദ്ധിച്ചിരിക്കുന്ന കുട്ടികൾ അദ്ധ്യാപകന്മാരുടെ ദുൎഗ്ഗുണങ്ങളെ അനുകരിക്കുന്നതിലെന്താണാശ്ചൎയ്യം? ഗുരുനാഥൻ ഒരു സിഗററു വലിച്ചാൽ ശിഷ്യൻ ഒരു ഡസൻ സിഗററുകൾ വലിക്കും. ദുൎഗ്ഗുണങ്ങൾ പകൎച്ചവ്യാധികൾപോലെയാണല്ലൊ. അതുകൊണ്ടു സന്മാൎഗ്ഗബോധം കുറവായ അദ്ധ്യാപകന്മാരും വിദ്യാലയങ്ങളിലെ ശോച്യാവസ്ഥക്കു കുറച്ചൊക്കെ ഹേതുഭൂതന്മാരാണെന്നു പറഞ്ഞേതീരു. പണ്ടത്തെ ആചാൎയ്യന്മാരൊക്കെ മതാചാൎയ്യന്മാർകൂടി ആയിരുന്നു.

"ശ്രോത്രിയൊ, വൃജിനൊ കാമഹതോ യോ ബ്രഹ്മവിത്തമഃ"
തിൎണ്ണാസ്സ്വയം ഭീമമഹാൎണ്ണവം ജനാഃ
അഹേതുനാന്യാനപിതാരയതഃ"

എന്നീ നിലയിലുള്ള അന്നത്തെ വേദവേദാന്തപാരംഗതന്മാരായ ആചാൎയ്യപൂജ്യപാദന്മാരെവിടെ? ജാഠരാഗ്നിയുടെ സന്തൎപ്പണത്തിന്നായി വല്ലതും സമ്പാദിപ്പാൻവേണ്ടി ഗോഷ്ഠികൾ കാട്ടിക്കൂട്ടുന്നവരും അജ്ഞാനാന്ധകാരാവൃതസ്വാന്തന്മാരും "ശിശ്നോദരപരായണന്മാരും" ആയ വാദ്ധ്യാപ്പൂരിഷകളെവിടെ? അഹോ കഷ്ടം! വിദ്യാഭ്യാസംകൊണ്ടു സ്വഭാവ

സംസ്കരണം സാധിക്കുന്നുണ്ടെന്നു കൊട്ടി ഘോഷിക്കുന്നതിന്നു ലജ്ജയില്ലാത്ത ജിഹ്വകളും ഇന്നുണ്ടല്ലൊ.

മനുഷ്യനെ അപൂൎണ്ണതയിൽനിന്നു പരിപൂൎണ്ണതയിലേക്കു നയിക്കുന്നതാണു യഥാൎത്ഥ വിദ്യാഭ്യാസം എന്നു് ഒരു നിൎവ്വചനമുള്ളതായി ഇതിന്നുമുമ്പു പ്രസ്താവിച്ചുവല്ലൊ. ഈ മാനദണ്ഡംകൊണ്ടു് ഇന്നു നോക്കുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസം നിസ്സാരത്തിൽവെച്ചു് ഏററവും നിസ്സാരമാണെന്നു കാണപ്പെടും. മനുഷ്യൻ പല വിധത്തിലും അപൂൎണ്ണനും അവശനുമാണു്. അവനെ പരിപൂൎണ്ണനും ശക്തനുമാക്കിത്തീൎക്കേണ്ടതു വിദ്യാഭ്യാസമാണു്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടതു സാധിക്കുന്നുണ്ടോ എന്ന കാൎയ്യം സംശയമാണു്. മനുഷ്യനു ദേഹം, മനസ്സ്, ആത്മാവു എന്നീ മൂന്നു പദ്ധികളുണ്ടു്. ഇവയെല്ലാം പരിപൂൎണ്ണമായ വികാസം നല്കുന്നതാണു ശരിയായ വിദ്യാഭ്യാസം. ഇങ്ങിനെയുള്ള ഒരു വിദ്യാഭ്യാസപദ്ധതിയെ കായികം, മാനസികം, സാന്മാൎഗ്ഗികം, ആദ്ധ്യാത്മികം എന്നിങ്ങിനെ നാലായി വിഭജിക്കാം. ഇവയിൽ മാനസികമായ വിദ്യാഭ്യാസം ഒന്നുമാത്രമെ ഇന്നത്തെ വിദ്യാലയങ്ങളിൽ നല്കുവാൻ പരിശ്രമിച്ചുവരുന്നുള്ളു. അതു എത്രയൊ അപൂൎണ്ണമായ ഒരു വിധത്തിലാണു പ്രദാനം ചെയ്തുവരുന്നതും. അവശ്യവിജ്ഞേയങ്ങളായ പല സംഗതികളും ഉണ്ടായിരിക്കെ അവയുടെ നേരെയെല്ലാം കണ്ണടച്ചു പരീക്ഷയിൽ 35 ശതമാനം മാൎക്കു വാങ്ങുവാൻവേണ്ടി മാനസികമായ സൎവ്വ ശക്തികളേയും ദുൎവ്യയം ചെയ്യിക്കയും വിദ്യാൎത്ഥികളെ സംസാരിക്കുന്ന യന്ത്രപ്പാവകളാക്കുകയും ചെയ്യുന്നതു് എത്ര വലിയ സാഹസമാണു്? വിദ്യാലയത്തിൽനിന്നു പുറത്തുവന്നാൽ ഇഹത്തിലും പരത്തിലും നിരുപയോഗങ്ങളായ വസ്തുക്കളെ സാധു വിദ്യാൎത്ഥികളുടെ തലയിൽ അടിച്ചിറക്കുന്നതു് എന്തു മഹാപാതകമാണു്. xഉം yഉം ഉപയോഗിച്ചു 'Equations' എന്നു പറയുന്ന ദുൎഘടക്കണക്കുകൾ ചെയ്യുന്നതിന്നായി അഹൎന്നിശം തല കായിച്ചു വൃഥാ സമയം കളയുന്നതുകൊണ്ടു് ഇഹപരങ്ങളിൽ ഒരു വിദ്യാൎത്ഥിക്കു് എന്തു സാമ്രാജ്യമാണു സിദ്ധിപ്പാനുള്ളതു്? അവന്റെ ഐഹികജീവിതത്തിൽ സ്കൂൾ പഠിപ്പു കഴിഞ്ഞാൽ പിന്നെ xഉം yഉം ഒരു കാലത്തും ഉപയോഗിക്കേണ്ടതായി വരികയില്ലെന്നു തീൎച്ചതന്നെ. സ്വഭാഷക്കുള്ള അപ്രാധാന്യവും അന്യഭാഷക്കുള്ള പ്രാധാന്യവും ഇതുപോലെത്തന്നെയുള്ള ഒരു വിഷമതയാണു്. ഇതുനിമിത്തം രണ്ടിലും വിദ്യാൎത്ഥിക്കു യാതൊന്നും തൃപ്തമില്ലാതാകുന്നതേയുള്ളു. കാരണം എത്ര മനസ്സിരുത്തി പഠിച്ചാലും നാം നിത്യോപയോഗത്തിന്നു വിനിയോഗിക്കാത്ത ഒരു വിദേശഭാഷ നമുക്കു് ഒരിക്കലും പൂൎണ്ണമായി വശമാകയില്ല. ശ്രദ്ധ മുഴുവനും ഇതിൽ പതിയുന്നതുകൊണ്ടു സ്വദേശഭാഷാഭ്യസനത്തി

ന്നുവേണ്ടത്ര സമയമോ സൌകൎയ്യമോ കിട്ടുന്നതുമില്ല. ഇന്നു സ്കൂളുകളിൽ ഇവകൂടാതെ പുറമെ പഠിപ്പിച്ചുവരുന്ന ചരിത്രം ഭൂമിശാസ്ത്രം വിജ്ഞാനശാസ്ത്രം മുതലായവയും നേരായ വിധത്തിലല്ലായ്കയാൽ നിഷ്ഫലങ്ങളും ക്ലേശകരങ്ങളുമായിട്ടാണു തീൎന്നിരിക്കുന്നതു്. അതിന്നുപുറമെ അവയൊക്കെ മലയാളഭാഷ വഴി പഠിപ്പിക്കേണമെന്നു നിൎബ്ബന്ധംവെച്ചു കാണുന്നതു അതിന്നും ദുരന്തമായ ഫലത്തെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഒരു ശരിയായ സാങ്കേതികശബ്ദകോശം ഭാഷയില്ലാത്തതുകൊണ്ടു "വായിൽ വന്നതു കോതക്കു പാട്ടും" "വാളെടുത്തവൻ വെളിച്ചപ്പാടു"മായി തീൎന്നിരിക്കുന്നു. ആകപ്പാടെ മാനസികവിദ്യാഭ്യാസത്തിന്റെ സ്ഥിതി അത്യന്തം പരിതാപകരമാണു്. വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ പ്രായേണ രസശൂന്യങ്ങളാണു്. അദ്ധ്യാപകന്മാർ 'കടം കഴിക്കുന്നതിന്നും' അദ്ധ്യേതാക്കൾ 'സമയം' കഴിക്കുന്നതിന്നും' രക്ഷിതാക്കന്മാർ "ഉപദ്രവം ഒഴിക്കുന്നതിന്നും" വേണ്ടിയാണു വിദ്യാലയങ്ങളെ ഉപയോഗിക്കുന്നതെന്നു പ്രഥമദൃഷ്ടിയിൽതന്നെ ഇന്നു് ആൎക്കും വെളിവാകുന്നതാണു്. മാനസികവിദ്യാഭ്യാസത്തിന്റെ സ്ഥിതി ഇങ്ങിനെയാണെങ്കിൽ കായികവിദ്യാഭ്യാസത്തിന്റെ അവസ്ഥ ഇതിലധികം ശോചനീയമാണു്. ഇടക്കാലങ്ങളിൽ വ്യായാമങ്ങളിലും മററും ശ്രദ്ധ നന്നെ കുറഞ്ഞുപോകയാൽ വിദ്യാഭ്യാസംകഴിഞ്ഞു പുറത്തു വരുമ്പോഴെക്കു വിദ്യാൎത്ഥികൾ ഒന്നുകിൽ രോഗബാധിതരായി മരിച്ചുപോകയൊ അല്ലെങ്കിൽ ജീവിതവ്യാപാരങ്ങൾ ഒന്നും നിൎവ്വഹിക്കുന്നതിന്നു് അശക്തരായിത്തീരത്തക്കവിധം കായികദൌൎബ്ബല്യം വന്നുചേൎന്നു ക്ലേശകരമായ ജീവിതം നയിപ്പാൻ നിൎബ്ബാധിതരാകയൊ ചെയ്യുന്നു. എന്നാൽ ഇന്നു് ഈ വിഷയത്തിൽ വലിയൊരുണൎച്ച ഉണ്ടായിട്ടുണ്ടു്. "കളി" "കളി" എന്ന ഒരു ശബ്ദമേ വിദ്യാലയങ്ങളിൽ എങ്ങും കേൾപ്പാനുള്ളു. അദ്ധ്യാപകന്മാരുടെ കൃത്യം ദ്വിഗുണീഭവിച്ചിരിക്കുന്നു. അവൎക്കു കുട്ടികളെ പഠിപ്പിക്കയും അതേസമയത്തുതന്നെ കളിപ്പിക്കയും വേണ്ടിവന്നിരിക്കുന്നു. മുൻവിവരിച്ച അവസ്ഥക്കു നേരെ വിപരീതമായി ഇപ്പോൾ കളിയിൽ ശ്രദ്ധ അധികമായും പഠനത്തിൽ ശ്രദ്ധ തീരെ കുറഞ്ഞും കാണുന്നു. കളിയിൽ വിജയിയായ വിദ്യാൎത്ഥിക്കു സ്വൎണ്ണമുദ്രകളും സൎവ്വജനപ്രശംസയും സിദ്ധിക്കുന്നു. പഠിപ്പിൽ ഒന്നാമനായി പ്രശോഭിച്ചാലും ഒരു പ്രോത്സാഹനവുമില്ലതാനും. ഇതുനിമിത്തം വിദ്യാലയങ്ങളിൽ കളി ധാരാളമായിട്ടുണ്ടെങ്കിലും കായികശക്തിയേയും വളൎച്ചയേയും ഉണ്ടാക്കുകയും നിലനിൎത്തുകയും ചെയ്യുന്നതിന്നുതകുന്ന പ്രത്യേകാഭ്യാസങ്ങൾ ഒന്നും പരിശീലിപ്പിക്കുന്നില്ല. വിദ്യാലയങ്ങളിൽ ഡ്രിൽ എടുപ്പിക്കുക എന്നൊരു സമ്പ്രദായമുണ്ടെങ്കിലും അതു എടുക്കുന്നതു ചിലപ്പോൾ ഉച്ചക്കും മററു ചിലപ്പോൾ ഊൺ കഴി

ഞ്ഞ ഉടനെയും മററും അനനുകൂലങ്ങളായ സമയങ്ങളിലായതുകൊണ്ടു് ആരോഗ്യപോഷണത്തേക്കാൾ ശോഷണത്തിന്നാണു് അതുപകരിക്കുന്നതു്. എല്ലാ അവയവങ്ങൾക്കും ശരിയായ വ്യായാമം സിദ്ധിക്കത്തക്ക വിധത്തിൽ ചില അഭ്യാസങ്ങൾ വിദ്യാർത്ഥികളെക്കൊണ്ടു് അവരുടെ ദിനചര്യയിലെ ഒരംഗമായി സ്വീകരിപ്പിച്ചു ചെയ്യിക്കേണ്ടതാണു്!

വിദ്യാലയങ്ങളിൽ ഇന്നു തീരെ ശ്രദ്ധിക്കാത്ത വിഷയം മതമാണു്. സൽസ്വഭാവത്തിന്റെ രഹസ്യവും പാരലൌകികസുഖത്തിന്റെ ബീജവും മതജ്ഞാനമാണു്. ഹിന്തുമതമെന്നാൽ എന്തു മതമെന്നറിയാത്ത പല ഹിന്തുക്കളും നമ്മുടെ ഇടയിൽ ഉണ്ടല്ലോ. അന്ധവിശ്വാസങ്ങളെ നീക്കംചെയ്തു ശരിയായ മതവിശ്വാസം ഭാവിപൌരന്മാരിൽ ഉളവാക്കേണ്ടതു അത്യാവശ്യമാണു്. ഈ വഴിക്കുമാത്രമെ സ്വഭാവസംസ്കരണം സാദ്ധ്യമാകയുള്ളു.

പി. എൻ. മൂസ്സതു് ബി. എ.

---

# അമ്മയും മകനും

ജ്ഞാനാർണ്ണവത്തിനൊരു നൂതനകുംഭജന്മാ-
വാം, നാകലോകതടിനീസുതനായ ഭീഷ്മർ
താനാവസിച്ചിടുമിടത്തിലൊരിക്കലാത്മ-
ധ്യാനാഢ്യ സത്യവതിയന്നൊരു നാളണഞ്ഞാൾ. ൧

കൃത്യജ്ഞനാകുമവനന്നരികത്തു കാണ്ടു
പ്രത്യക്ഷയാകിയ തപസ്വിനി ദേവിതന്നെ
അത്യന്തഭക്തിബഹുമാനഭയാദിയാലു-
മത്യന്തമോട്ടമെഴുന്നേററു വണങ്ങിവേഗം. ൨

സാഷ്ടാംഗമായ് പ്രണിപതിച്ചു പാദാംബുജപാംസു-
സ്പൃഷ്ടാത്മമൌലിയവനുന്നതശുദ്ധിതേടി
ശിഷ്ടാഭിവന്ദ്യപദയാമവൾ തന്നടുക്കൽ
പുഷ്ടാനുഭാവനിധിഭീഷ്മർ തെളിഞ്ഞുനിന്നാൻ. ൩

തന്മാറണച്ചു, വിഭോഗ്യവശസ്രുധാര
സമ്മാനമേകിയ മഹാവ്രണമാളുമംഗം,
തന്മാതൃതുല്യയവൾ തൊട്ടുതലോടിനില്ക്കേ
ഉന്മാൽക്കയത്തിലധരാനറിയാതെവീണാൾ. ൪

ഉൾപ്പൂ തെളിഞ്ഞ സതി സത്യവതിക്കു കണ്ണി-
ലപ്പൂർമ്മിപോലിളകി ഹർഷമിയന്നുദരാമം
തൽപൂരുവിൻ കുലമണിഞ്ഞൊരു വീരമുത്താ-
മാപ്പൂജനീയചരിതൻെറ മഹത്പദമോർക്കെ. ൫

“മന്നിൽ ഭവന്മയവിളക്കരു കല്പവാതം
വന്നീടിലും പാടുകെടാതെ വഹിച്ചിടട്ടെ!
സന്നീതിമാർഗ്ഗനിരമേൽ തെളിയട്ടെ നിത്യ”-
മെന്നീവിധം തനയനാശിഷമേകി ദേവി. ൬

മുത്തന്തരംഗമതിലേറ്റമിയന്നു ഭീഷ്മ-
ർക്കത്തെവ്വിലിങ്ങനെയനുഗ്രഹമേകി മന്ദം
ചിത്താപദർശിമണിയാമവനോടു ധർമ്മ-
വൃത്തം ചരിക്കുമവൾ നന്മൊഴിയേവമോതി. ൭

“ശ്രീസാർവ്വഭൌമപദവും തൃണമായ് നിനക്കും
നീ സാരവേദികളിലോർക്കിലഗ്രഗണ്യൻ
ഹാ സാഹസാനബലനിന്നൊടു കാര്യമോതാൻ
ക്ലേശാതെ വന്നു, വിജയിപ്പു വധൂജനാന്ധ്യം ൮

വെൺകാശമോടെതിരിടും പുകൾപൂണ്ടതത്ത്വ-
വൻകാതലാളിമരുവുന്ന മഹാശയന്മാർ
തൻകാര്യദൃഷ്ടിയതിലന്ധതയാവഹിപ്പൂ
സ്വം കാഴ്ചയുള്ള മിഴി തന്നുടൽ കാട്ടുകില്ല. ൯

സന്താനമൊന്നുമിയലാതിഹ നാകലോക-
ഗന്താവതായി നൃപനായ വിചിത്രവീര്യൻ;
വൻതാപസവ്രതമിയന്നു വസിപ്പു നീയും;
ഹന്താര്യ പൂരുകുലമാർ നിലനിർത്തിടും മേൽ! ൧൦

സ്ത്രീലോകസംഗമകഥാവിമുഖം വ്രതത്തി-
നാലോർത്തിടുന്നു! തവ വംശമിതറ്റിടും മേൽ
മാലോലുമാർപ്പിതൃകുലാലഭിശപ്തരാം നാ-
മാലോലധർമ്മഗതിയായ് ക്ഷിതിയും പതിക്കും. ൧൧

സന്താനമറ്റ കുലമേവമനാഥമായി-
വൻതാനവസ്ഥിതി വഹിച്ചു പരിക്ഷയിക്കിൽ
എന്താണു മേൽ കഥയിതെന്നു കുറച്ചു ചിന്ത-
യെന്താതെയാണു നിവസിപ്പൂ യോഗിയാം നീ. ൧൨

വെന്തുള്ളെനിക്കതകരുന്നു, കുലം പ്രജാത്മ
തന്തുക്ഷതിക്കിടവരാതെ പുലത്തിടേണ്ടോൻ
സന്തുഷ്ടിദം സ്വകുല വൃദ്ധിയെ വിസ്മരിച്ചി-
ട്ടെന്തുണ്ണി! നീ മരുവിടുന്നു തപസ്വിയായി. ൧൩

ആപാദിതാഘഭരമാത്മകുലം നശിക്കും,
ബഭ്രുപാലരാരുമിയലാതിരുളിൽ പതിക്കും,
താപാവഹം നിലപിതൃക്കൾ വഹിക്കും, വത്സ,
ശാപാർഹമായിടുകയില്ലകഥാംശ്രമം തേ? ൧൪

മുന്നം സ്വപൂർവരുടെ പീഡയകററുവാനായ്
ചെന്നത്തപസ്വിജരദന്വിതനായകാരു
തന്നന്തകാലമതിലും ഗൃഹിയായ് ഭവിച്ചി-
തെന്നും പിതൃക്കളുടെ ദുഃഖമസഹ്യമാകും. ൧൫

പൌരാണികാഗമപഥത്തെമഥിച്ചിടുന്നോ-
നാരാത്മവംശവരതന്തുവറുത്തുനിൽപ്പു
ആരാദ്ധ്യമാം മഹിമപൂകിലുമായവന്റെ
പേരായ്മലോകഗണനക്കു വശപ്പെടില്ല. ൧൬

പാതംവരാതെ നിജവംശമുയത്തിനിത്തി
ശ്വേതപ്പുകൾപ്പൊലിമദിക്കിലണപ്പതേവൻ
ജ്ഞാതവ്യസാരമറിയും ചരിതാർത്ഥനാമ-
പ്പൂതന്റെ ജന്മമമലം സഫലം കുലത്തിൽ ൧൭

സമ്മോദധാരയകമേ ചൊരിയും ഫലങ്ങ-
ളുമ്മോഹനീയർ സുതരാത്മകുലാശ്രയന്മാർ
ജന്മോത്സവപ്രദ—ഫലാലവരേ വെടിഞ്ഞാൽ
കിമ്മോക്ഷമെന്നിഴിയിലായതുബന്ധമത്രെ. ൧൮

ഓടിക്കളിച്ചു പല കുട്ടികൾ കാട്ടുകാട്ടി
ച്ചാടിത്തകത്തുരുചി പണ്ടിഹ പൂണ്ട ഗേഹം
മോടിക്കുവിക്ഷതിഭവിച്ചുലരററപുഷ്പ-
വാടിക്കു കത്തിനുടെ ശൂന്യതയിപ്പൊളേൽപ്പു. ൧൯

നാനാവിധത്തൊട്ടു കളിച്ചു ശിശുക്കൾ മഞ്ജു-
ഗാനാൽമുഴക്കിയതിശോഭ വഹിച്ചകാലം
ഞാനാകെയോർത്തിടുകിലിപ്പൊഴുതിഗ്ഗൃഹത്തിൻ-
മൌനാന്ധ്യഭീമതയിതെങ്ങിനെ ഹാ! സഹിക്കും. ൨൦

മുന്നം കഴിഞ്ഞ ദിവസങ്ങൾ സുസുന്ദരങ്ങ-
ളിനുള്ള കാലമതിദാരുണമാണെവർക്കും
വന്നെത്തിടുന്നതിലുമില്ലഗ്ഗുണം, ധരിത്രി-
തന്നവ്യയൌവനമശേഷമകന്നു കഷ്ടം! ൨൧

ശ്രീപൂരുതൊട്ടുപല സത്തമരെജ്ജനിപ്പി-
ച്ചാപൂജനീയപുകൾ പൂകിടുമിക്കുലത്തിൽ
ഹാ! പൂർവ്വപുണ്യഫലമീവിധമെന്നതോർത്തൻ-
ധി, പൂർണ്ണശോകകലുഷീകൃതമായിടുന്നു. ൨൨

ജന്മത്തിനാൽ നരനുമൂന്നൃണമുള്ളതായി-
ബ്രഹ്മജ്ഞർ ചൊൽവൂ മുനിമാര, വവീട്ടിടാഞ്ഞാൽ
അമ്മട്ടുകിട്ടിടുമൊരുത്തമമുക്തിയേയും
സന്മുക്തിയെന്നു നിഗമജ്ഞരുരയ്ക്കയില്ല. ൨൩

ജാതാദരത്തൊടു വിയോഗവിധേയനായ്നീ
ഭ്രാതാവുതൻ രമണിമാരെയണഞ്ഞമന്ദം
പൂതാത്മജാതരെ ലഭിച്ചുപതൽകുലത്തിൻ-
ത്രാതാവതായി വിജയിക്കുക വീതശങ്കം. ൨൪

സത്യവ്രതത്തിനിതിനാലിടിവൊട്ടുമേൽക്കി-
ല്ലത്യന്തസൂക്ഷ്മമിഹ ധർമ്മഗതിസ്വഭാവം;
ഗത്യന്തരങ്ങളറുകിൽ സ്വകുലം പുലർത്താൻ
ശ്രുത്യർത്ഥവേദികൾ വിധിച്ചതു താൻ നിയോഗം. ൨൫

സത്യത്തിനുള്ളവില ഞാനറിയാത്ത പെണ്ണ-
ല്ലാ, ത്യക്തധർമ്മനൊരു നാസ്തികനല്ല നീയും!
സ്തുത്യം കുലം കരുതധഃകരണീയമല്ല
കൃത്യം ചരിച്ചിടുക ശാന്തനവൻ ഹിതം നീ." ൨൬

പ്രാശസ്ത്യമേറുമവൾ യോഗിനിയെങ്കിലുമവൻ
നാശം കുലത്തിനുളവാകുവതോർത്തിവണ്ണം
ക്ലേശം വഹിച്ചു സുതനോടു പറഞ്ഞു, രാഗ-
പാശം മുറിപ്പതിനശക്തരൃഷീന്ദ്രർപോലും. ൨൭

ശീലത്തിനുന്നതി വഹിക്കുമവൾ കലിവാക്-
ജാലം പൊഴിച്ചു ശുഭയാകിയ ദേവിയന്നാൾ
ശൈലത്തിലാസ്സലിലധാര ചൊരിഞ്ഞ മേഘ-
മാലയ്ക്കു തുല്യമഥ വിശ്രമമാവഹിച്ചാൾ. ൨൮

മാതാവുരച്ചമൊഴിയാദരണീയമെന്നാ,-
പ്രീതാശയസ്ഥിതി തെളിച്ചു മുഖത്തുതന്നെ
പൂതാഭമാംപ്രണമഭേദ്യമതെന്നമാത്മ-
ജേതാവവൻ വിനയമോടു വെളിപ്പെടുത്തി. ൨൯

വൈരാഗ്യസൂര്യകിരണങ്ങൾ വിടർത്തിയാരുൾ-
ത്താരാവഹിക്കുമുരുതതാ മധുദ്രവത്തെ
സാരാർത്ഥശോഭിതവചോവിടപല്ലവത്താൽ
ധീരാഗ്രണമ്മയുടെ കാതിനു കാഴ്ചവച്ചു. ൩൦

“നല്ലാളുകൾക്കമൃതധാര ചൊരിഞ്ഞ, ധർമ്മ-
സ്പൃക്കായ് പ്രസാദഗുണമൊത്തു ഗഭീരമായി
ഉൾക്കാമ്പലിച്ചിടിന വാക്കു തപോമഹത്താ-
മേൽകാത്തവർക്കുഭുവി കൈവരുവാൻ ഞെരുക്കം. ൩൧

രണ്ടാമരുന്ധതിയതാം ജനനിക്കിവണ്ണ-
മുണ്ടായിവാഗ്വിഭവമത്ഭുതമെന്തതിങ്കൽ!
കൊണ്ടാടിടേണ്ട, ശുചിമത്തരജിഹ്വയാക്കും
വേണ്ടാത്തവന്ധ്യവചനത്തെ വദിക്കയില്ല. ൩൨

ഭവ്യാന്ധ്യഭാരശമനത്തിനു ഭാരതാഖ്യ-
ദിവ്യാത്മതത്ത്വമണിദീപമെവൻ ചമച്ചു.
ആവ്യാസർവിശ്വഗുരു, ഭാതപുണ്യലക്ഷ്മീ-
നവ്യാവതാരചരിതേ! തവവത്സനല്ലോ. ൩൩

മുത്തശ്ശി നീ ശുകനു നിന്റെ തപോവിശുദ്ധ-
വൃത്തം നിനപ്പതിനുകൂടിയ നഹി നിഞ്ഞാൻ
എത്തവ്വിലും ജതതി; വത്സലനെ നിലന്നിൽ
ചിത്തം തെളിഞ്ഞിടണമെന്നൊരപേക്ഷമാത്രം. ൩൪

സന്താനമെന്നതഭിലാഷമശേഷമേകും
സന്താനമാണതു വശത്തിലിരിക്കിലെന്നും
ധ്വാന്താകുലത്വമിയലുംഗൃഹവുംവിഷാദ-
മേന്താതെ നന്ദനവനദ്യുതി പൂകിടുന്നു. ൩൫

ശ്രീമാന്യമാംഭരതവംശമതിന്നിവണ്ണം
പേർമാഞ്ഞതുതടരതവാക്യമടുത്തുവെന്നാൽ
നാമാത്മവൈഭവവശാലതിനിന്നു സർവ്വ-
ഭൂമാവുമേല്പതിനുയത്നമിയന്നിടേണ്ടോർ. ൩൬

ഞാൻപണ്ടുചെയ്യൊരുമഹാശപഥത്തെയിന്നു
ഇമ്പാറിളക്കുവതിന്നോതുടരേണ്ടതമ്മേ!
നിമ്പത്തുദേവി! പണിയുന്നിതുമേലിവണ്ണം
കമ്പങ്ങളെന്നൊട്ടുകളിച്ചുമരച്ചിടൊല്ല ൩൭

ഗംഗാനദിക്കുമകനെങ്ങിനെയാത്മശുദ്ധി-
ഭംഗാവഹം ചരിതമംബ! ചരിക്കുമീഞാൻ
തുംഗാനുഭാവർഭരതാദ്ധ്യർ — തദന്വയത്തി-
ലംഗാരരാജിവിതറേണ്ടതിതെന്റെകയ്യാ!. ൩൮

മന്നിഷ്ഠവിട്ടിടുകിലമ്മലിനത്വമാളു-
മെന്നിന്ദ്യബീജഭവരാംനൃപുഴക്കളാലേ,
മന്നിസ്തുലാഭർനൃപകേസരിവര്യരേറെ-
മിന്നിച്ചവംശമിതിനെങ്ങിനെതങ്ങുകിട്ടും. ൩൯

ഞാനമ്മചൊല്ലുവതുപോലിഹചെയ്യുവെന്നാ-
ലിന്നൽകുലത്തിനുമെനിക്കുമിടിച്ചിലേല്ക്കും
വാനത്തിൽമേവുമവർപൂർവ്വജർതന്നുചാത്തും
മാനംകരിച്ചുകഥമേകരിതേല്ക്കുമല്ലോ. ൪൦

അക്കാമൃതത്വിധുദയങ്ങൾകിഴക്കുനിന്നു-
തെക്കായിടാം, കുലഗിരിക്കുമിളക്കമേല്ക്കാം,
തൽകാലകാലനിടിലാക്ഷിസ്പൃശിതമാവാം,
മുക്കാലവുംസ്വശപഥംവെടിയില്ലഭീഷ്മൻ. ൪൧

പൊക്കംപെടുന്നഹിമവൽഗിരിയാഴിയാകാം
തെക്കുള്ളതായമലയാദ്രിവടക്കുമാകാം
തക്കത്തിൽവിണ്ടലമിടിഞ്ഞുപൊടിഞ്ഞുവീഴാ-
മുൽക്കൃഷ്ടമാംസ്വശപഥംവെടിയില്ലഭീഷ്മൻ. ൪൨

ഭൂവാത്മസൌരഭഗുണത്തിനെയാകെമാററാം
ദൈവാൽജലപ്രകൃതിയുഷ്മളമായ്ഭവിക്കാം.
ജൈവാതൃകൻനിജകളങ്കമകററിവാഴാം
പേവാക്കതായ്സ്വശപഥംവെടിയില്ലഭീഷ്മൻ. ൪൩

ഹാലാഹലത്തിനുമമാധുരിസംഭവിക്കാം
മേലാളുമാസ്സുധയിലുന്നതകയ്പുപററാം
നീലാഭവിട്ടുഹരകണ്ഠതലംവെളുക്കാം
കാലാൽ, ദൃഢസ്വശപഥംവെടിയില്ലഭീഷ്മൻ. ൪൪

വേശ്യാസ്സുരാഗമധികം സ്ഥിരമായ്ഭവിക്കാം
പശ്യാൽ പ്രപഞ്ചമിതു ശാശ്വതമെന്നുമാകാം
നിശ്ശേഷ്യന്ധകാരനിര ചന്ദ്രികയായിമാറാം
വശ്യംബ! തെല്ലുശപഥം വെടിയില്ലഭീഷ്മൻ. ൨൫

ശ്രീമാറിടാതൊരുവനിൽ സ്ഥിരമായിനില്ക്കാം
പ്രാമാണ്യമാന്നിഗമം വിടവാക്കതാകാം
ഭീമാഘമായനരകം സുഖവാസഭൂവാം
ധീമാഞ്ഞുതെല്ലു ശപഥവെടിയില്ലഭീഷ്മൻ. ൨൬

അക്കാലദണ്ഡിലതിമാർദ്ദവമങ്കുരിക്കാം
ചിൽക്കാമരായസുരരാസ്തികരായ്ഭവിക്കാം
ഇക്കാലചക്രഗതിയാകെ നിലച്ചുപോകാം
വാക്കാത്മസത്യമണുവൈകെവെടിയില്ലഭീഷ്മൻ. ൨൭

നിനാക്കിളക്കിടുകിലാനിമിഷത്തിലപോയ്
പിനാഗ്നികുണ്ഡമതിലൂക്കൊടിവൻ പതിക്കാം
തേനായ്ഹലാഹലരസത്തെമുദാ കുടിക്കാം
ഞാനാത്മസത്യമതിളക്കിടുവാനശക്തൻ. ൨൮

കാലൻെറ ദംഷ്ട്ര, പുരദാഹകനായകാല-
കാലൻെറഫാലമിഴിയെന്നിവ രണ്ടിലും മേ-
ലീലഗ്നമല്ലഹൃദയം തദസത്യനാമ-
ത്താല ദൃഢൻ ഭയമിയന്നു വിറച്ചിടുന്നു. ൨൯

ഒന്നല്ല ലക്ഷമിവിടെ ബ്ഭരതാന്വയങ്ങൾ
ഖിന്നതപോമാറ ചിതറിക്ഷയമേന്തിയാലും
സന്നദ്ധനല്ല മതികൊണ്ടുമസത്യമാളാൻ;
പിന്നല്ലയോ ജനനി! തദ്‌വ്രതലംഘനം മേ! ൩൦

സത്യത്തൊടൊത്തൊരു മഹാതപമില്ലയെന്നായ്
കൃത്യജ്ഞനേതൊരു മഹർഷി വിധിച്ചുമുന്നം
സത്യഗ്രസത്യവതിതജ്ജനയിത്രിയാം നീ
സുത്യക്തസത്യപഥമീമൊഴി ചൊല്ലിടാമോ * ൩൧

എന്നമ്മ ഗംഗമധുസൂദനപാദതീർത്ഥ-
മെന്നല്ലശാന്തനുപിതാവു മഹാതപസ്വി

* 'നാസ്തിസത്യസമം തപഃ' മഹാഭാരതം.

മിന്നും വിശുദ്ധി പെരുകുന്നതു പൂരുവംശ-
മിന്നന്നിലക്ഷ്മ കളവെങ്ങിനെ ഞാൻ ചരിക്കും। ൭൨

വ്യാസൻ സദാ ജഗദനുഗ്രഹജാഗരൂക-
നീ, സങ്കടത്തിനു നിവൃത്തി വരുത്തുമാര്യേ!
ഭീസംഭ്രമങ്ങൾ കരുതേണ്ട തദന്തികത്തിൽ
പോയ് സത്വരം വിവരമൊക്കെയുണൎത്തിയാലും. ൭൩

ഇന്നസ്സമേതന മണഞ്ഞിട്ടുമീവിളക്കിൽ
തന്നത്ഭുതാത്മസുമഹസ്സുപകൎന്നു നിൎത്തി
വന്നമ്മയോടുലകിടത്തെയനുഗ്രഹിക്കാ-
നെന്നഗ്രജൻ സദയനാമുനി താൻ സമൎത്ഥൻ" ൭൪

ഗോത്രക്ഷ്മ നൂതന വിഭൂഷണമായ ഗംഗാ-
പുത്രൻ വിനീതമതിയീവിധമോതി നില്ക്കെ
നേത്രത്തിൽനിന്നു കുതുകാശ്രുകണങ്ങൾ ചിന്നി
മാത്രക്കുതന്മതിമറന്നവൾ നിന്നു സാധ്വി. ൭൫

പിന്നിട്ടു ചൊല്ലിയവൾ "നിന്നുടെ നിഷ്ഠ, വത്സ!
വെന്നീവിധം ഭുവനമാകെ വിളക്കിടട്ടെ!
സന്നീതി ധൎമ്മനിയമാദി സമുജ്ജ്വലാത്മാ-
വന്നീചരിപ്പൊരു തപസ്സു ജയിച്ചിടട്ടെ! ൭൬

പരമിരുവർ പിറപ്പാലിക്കുലം ശുദ്ധമാക്കി
പരമ,നതിലൊരാളാ യൌവനത്യാഗി പൂരു
സരസയുവതിയിൽ താൻ ബ്രഹ്മചൎയ്യവ്രതത്തെ
സ്ഥിരതയൊടു ചരിപ്പോനന്യനാ യോഗിയാം നീ. ൭൭

ജനകനുടെ ഹിതത്തെസ്സാദരം ചെയ്കയത്രേ
തനയനുടയ ധൎമ്മം ശ്ലാഘ്യമെന്നുള്ള തത്വം
ഘനശുചിചരിതത്താൽ കാട്ടിയോർ നിങ്ങൾ തൻപേ-
രിനശശികൾ വിളങ്ങും കാലമൊക്കെജ്ജയിക്കും. ൭൮

ജനകനൊടൊടുവിൽത്തൻ യൌവനം പൂരുവാങ്ങി-
ത്തനതു തരുണിമാരോടൊത്തു സൌഖ്യം ഭജിച്ചാൻ
വനതലഗതനായോൻ രാമനും വന്നു സിംഹാ-
സനമധിഗതനായിസ്സാൎവ്വഭൌമത്വമേന്തി. ൭൯

അവഹിതമതിനിത്യബ്രഹ്മചര്യം വഹിച്ചു-
ന്നവതരുണതയിൽതാൻതീവ്രവാർദ്ധക്യധർമ്മം
അവനിയിലിഹകൈക്കൊണ്ടുള്ളനിൻവൃത്തമോർത്താ-
ലവരുടെനിലയേക്കാളെത്രയോമേലെനിൽപൂ. ൯൦

മുരഹരനുടെപാദാൽസിദ്ധമല്ലത്തിയാലും
ഹരനുടെമുടിയിങ്കൽബദ്ധമാംവാഴ്ചയാലും
ചിരതരമുളവായിടാത്തൊരാശ്രുദ്ധിഗംഗ-
യ്ക്കുരമിഹതവജന്മംകൊണ്ടുണ്ടാകവന്നുന്നം. ൯൧

പലമഹിതരൊരോരോകാലമുണ്ടായി,നാനാ-
നിലയുടയവർമേലുംജാതരാമാത്തരക്കാർ;
ഉലകിലവരിലാരുംനിൻെറരണ്ടാമതെന്നാൻ
വിലകലരുവതായിത്തോന്നിടുന്നില്ലതെല്ലും. ൯൨

അരിയൊരുഭവദാത്മാവിങ്കലെജ്ഞാനതേജോ-
ദ്ധരികൾഭരതഭൂവിൽകൊച്ചുമാടങ്ങളെയും
സ്ഫുരിതകനകഹർമ്മ്യത്തേയുമപ്പർവ്വതത്തിൻ-
ദരികളെയുമഭംഗംവത്സ!മിന്നിച്ചിടുംമേൽ." ൯൩

സാരസ്യാധാരമാംവാക്കിതുവിധമരുളി
ക്കൌതുകാൽസ്സിദ്ധക്കാ-
കൈരണ്ടുംകൂപ്പിനില്ക്കുംമകനിലലിവൊടോ-
ടിച്ചു യോഗജ്ഞദേവി
ധീരൻതന്മുന്നിൽനിന്നുംവിരവിനൊടുമറ-
ഞ്ഞീടിനാളാ,ത്മവിദ്യാ-
സാരംതാൻകണ്ടുപൂർവ്വസ്ഥിതിയിലവിടെമേ-
വീടിനാൻഭാസ്കരുംതാൻ. ൯൪

വടക്കുംകൂർ രാജരാജവർമ്മരാജാ.

---

# സുപ്തോത്ഥിതൻ.

(തുടർച്ച)

---

യുവാവ്.

(പപ്പാതി നഗരത്തിലെ രാജാവായി താൻ എന്നു വിചാരിക്കുന്നു. ആ നാട്ടിലെ നടപടികളെല്ലാം സ്വയം പരിചയപ്പെട്ടവനെപ്പോലെ ഭാവിക്കുന്നു.)

അതെ, പത്തരമണി. നല്ലവണ്ണം കഴിഞ്ഞു പത്തരമണി എന്നു്?

(ആ: വിദ്യാഭ്യാസം പൊട്ടിച്ചിരിക്കുന്നു.) ഇത്ര വിനയമില്ലാതെ അവിടെ ചിരിക്കുന്നതാരാണ്?

(ആ: വിദ്യാഭ്യാസം പ്രവേശിക്കുന്നു. ഒരു കുമ്പിടലോടുകൂടി.)

ഉത്തരവ്. ഞാൻ ആധുനികവിദ്യാഭ്യസം.

യുവാവ്.

നിങ്ങൾ എന്തൊരുമാതിരി സ്ത്രീയാണ്?

ആ: വിദ്യാഭ്യാസം.

സർ, ലേഡി എന്നു വിളിക്കുവാൻ ദയവുണ്ടാകണം. ഒരു ലേഡിയും സ്ത്രീയും തമ്മിൽ കുറച്ചൊന്നുമല്ല വ്യത്യസം.

യുവാവ്.

തിച്ചയായും.................

ആ: വിദ്യാഭ്യാസം.

സ്ത്രീ എന്നു പറയുമ്പോൾ കറുത്ത ഒരു നാടനെയാണ് ഓർമ്മ വരുന്നതു്.

യുവാവ്.

നാടൻ! അതിനു ഒരു പുതിയ അർത്ഥം കല്പിക്കുന്നുണ്ടു നിങ്ങൾ. ഇല്ലേ? ക്ഷമിക്കണം. നിങ്ങളുടെ ദേഹം വല്ലാതെ കറുത്തിരിക്കുന്നു.

ആ: വിദ്യാഭ്യാസം.

എനിക്കു തോന്നുകയാണ്. സർ, നിങ്ങളുടെ കണ്ണു നല്ലപോലെ ഒന്നു തിരിച്ചുവയ്ക്കണമെന്ന്. എന്റെ ദേഹത്തിൽ നിങ്ങൾക്കു വെളുപ്പുകാണാൻ കഴിയുന്നില്ലേ?

യുവാവ്.

ഉവ്വ്, ഉവ്വ്. ഒരു വെളുത്തനിറം ഞാൻ കാണുന്നുണ്ടു്. തൊലിമേൽ മാത്രം. എന്റെ ഈശ്വരാ അല്ല, Good God. നിങ്ങൾ എന്താണ് വെച്ചു തേച്ചിട്ടുള്ളതു്? കയ്യിന്മേലും മുഖത്തുമെല്ലാം പാണ്ടു്.

ആ: വിദ്യാഭ്യാസം.

അതാണ് powder. അതു പരിഷ്കാരമാണ്.

യുവാവ്.

ഒരിക്കൽ ഒരു സ്ത്രീയായിരുന്നു നിങ്ങൾ. അല്ലേ? എങ്ങിനെയാണു നിങ്ങളൊരു ലേഡിയായതു്.

ആ: വിദ്യാഭ്യാസം.

സൂത്രത്തിൽ, ഒരു പരിണാമശക്തിയുടെ വ്യാപാരം.

യുവാവ്.

പരിണാമശക്തിയുടെ വ്യാപാരമോ? സുന്ദരി, പറയു ഞാനുറങ്ങുകയാണോ?

ആ: വിദ്യാഭ്യാസം.

ഏയ്. എന്തോ കഥ. നിങ്ങൾക്കു നിങ്ങളുടെ ജീവിതത്തിൽ ഇതിനു മുമ്പൊരിക്കലും ഇത്ര വലിയ ഒരു ഉണർവ്വുണ്ടായിട്ടില്ല.

യുവാവ്.

എന്താണ് തെളിവ് ഞാനുണർന്നിരിക്കുകയാണെന്നുള്ളതിന്?

ആ: വിദ്യാഭ്യാസം.

നിങ്ങളുടെ വിരൽ എനിക്കു കടിക്കുവാൻ തരു.

യുവാവ്.

(സ്വപ്നത്തിലെന്നപോലെ കൈനീട്ടിയിട്ട്)

എന്ത്? നിങ്ങളിൽ ഒരു അത്ഭുതശക്തിയുണ്ട്. ഇതാ, കടിച്ചോളു എന്റെ വിരൽ കടിച്ചോളു.

(ആ: വിദ്യാഭ്യാസം കടിക്കുന്നു. യുവാവു നിശ്ശബ്ദനായിരിക്കുന്നു. കടി കഴിഞ്ഞതിനുശേഷം അലറുന്നു.)

ഹോ! ഹോ! ഹോ! കടിക്കുമ്പോൾ ഒന്നും തോന്നിയില്ല എനിക്ക്. കടി കഴിഞ്ഞപ്പോഴാണ് ഉപദ്രവമൊക്കെ!

(ആധുനിക വിദ്യാഭ്യാസം ഉറക്കെ ചിരിക്കുന്നു. മേശക്കരികിലേക്കു മാറിനിൽക്കുന്നു)

യുവാവ്.

അപ്പോൾ ഞാൻ ഉണർന്നിരിക്കുകതന്നെയാണ് അല്ലേ? (ഒന്നാമത്തെ സഹോദരനോട്) മുഖപരിചയം നല്ലവണ്ണം തോന്നുന്നുണ്ട്. നിങ്ങളുടെ പേരെന്താണ്.?

വിസ്കി.

പ്രഭോ, എന്റെ പേരു വിസ്കി.

യുവാവ്.

നിങ്ങളുടേയോ?

അധഃപതനം.

'അധഃപതനം' എജമാനേ.

യുവാവ്.

നിങ്ങൾ രണ്ടുപേരും സഹോദരന്മാരാണല്ലേ? (വിസ്കിയോട്) നിങ്ങളെ ഞാൻ ഇതിനു മുമ്പു കണ്ടിട്ടുണ്ട്. സഹോദരനെ നടാടെയാണ്.

അധഃപതനം.

പ്രഭോ, കഴിഞ്ഞതവണ കണ്ടില്ലെന്നു മാത്രം. ഞങ്ങൾ അവിട

ത്തെ ആശ്രിതദാസന്മാരാണ്. ഈ കിരീടം തിരുമേനിയുടെ തലയിൽ തിളങ്ങുന്നേടത്തോളം കാലം, ഈ അരമന ഈ പപ്പാതിനഗരത്തിൽ നിൽക്കുന്നേടത്തോളം കാലം, അടിയങ്ങൾ വിശ്വാസ്യതയോടുകൂടി അവിടത്തെ പരിചരിക്കും.

യുവാവ്.

മന്ത്രി, നിങ്ങളുടെ പേരെന്താണു?

പ്ര: മന്ത്രി.

രാമസ്വാമി എന്നായിരുന്നു ഒരു കാലത്ത്. ഒരു പരിണാമശക്തിയുടെ വ്യാപാരംകൊണ്ടു ക്രമേണ അതു 'റാംസെ'യായി, മാറി. രാമസ്വാമി 'റാംസെ'യായി. സ്ത്രീയെ 'ലേഡി'യാക്കുന്നതും പുരുഷനെ Gentleman 'ജൻറിൽമാൻ' ആക്കുന്നതും ഇതല്ലാതെ മറ്റൊന്നുമല്ല.

(ആധുനിക വിദ്യാഭ്യാസം ഭക്ഷണം കൊണ്ടുവരുന്നു.)

ആ: വിദ്യാഭ്യാസം.

നമ്മുടെ പുതിയ രാജാവിനു ഇതാ പ്രാതൽ.

യുവാവ്.

അല്ലാ, ഞാനിതേവരെ മുഖവും കഴുകിയില്ല പല്ലും തേച്ചിട്ടില്ല.

ആ: വിദ്യാഭ്യാസം.

ഒന്നു 'കുലുക്കുഴി'ഞ്ഞാൽ മതി. ഞങ്ങളുടെ രാജ്യത്തു പല്ലുതേക്കുകയാനും പതിവില്ല.

യുവാവ്

എന്ത്? എന്താണ്?

ആ: വിദ്യാഭ്യാസം.

നോക്കു, നിമിഷംപ്രതി ഞങ്ങൾക്കു പല്ലുകൾ മാറാം.

യുവാവ്.

പല്ലു മാറുകയോ?

ആ: വിദ്യാഭ്യാസം.

'കൃത്രിമദന്തങ്ങൾ' എന്നു നിങ്ങൾ വല്ലപ്പോഴും കേട്ടിട്ടുണ്ടോ? അതു വലിയ പരിഷ്കാരമാണെന്നാണ് വെച്ചിരിക്കുന്നതു്.

വലിയ പരിഷ്കാരം, ശരി......... (ഒരു സേവകൻ ഒരു പിഞ്ഞാണം മുമ്പിൽ കൊണ്ടുവന്നു വെക്കുന്നു. യുവാവു കുലുക്കുഴിഞ്ഞു മുഖം കഴുകുന്നു.) അതേ, ഈ പപ്പാതിനഗരത്തിൽ രാജാവായിരിക്കുവാൻ പുതിയതു ചിലതെല്ലാം പഠിക്കുമെന്നാണു തോന്നുന്നതു്. (താമ്പാളത്തിൽ ഒരു വർത്തമാനക്കടലാസു കാണുന്നു.) ഇതുകൊണ്ടു ഞാനെന്താണു കാട്ടേണ്ടതു്?

ആ: വിദ്യാഭ്യാസം.

പ്രാതൽ കഴിക്കുമ്പോൾ അതു വായിക്കണം.

യുവാവു്.

അതിലെന്തുണ്ടു്?

പ്ര: മന്ത്രി.

ഓ, ലോകത്തിൽ നടക്കുന്ന പല കാര്യങ്ങളും അതിലുണ്ടാവും. കുത്തിക്കുല, വിവാഹമോചനം, തിരുനാൾ ബഹുമതികൾ ഇവയെപ്പററി അതു പ്രതിപാദിക്കുന്നു.

യുവാവു്.

(കടലാസു പൊക്കിപ്പിടിച്ചുകൊണ്ടു്) ഇതിനെ എന്തെന്നു പറയും?

ആ: വിദ്യാഭ്യാസം.

വർത്തമാനക്കടലാസ്സു്.

യുവാവു്.

ഇവിടത്തെ ജീവിതം ഒരു കലമ്പിയായിട്ടാണു തോന്നുന്നതു്. കപാലങ്ങളും, അസ്ഥികളും, കൃത്രിമദന്തങ്ങളും, വർത്തമാനക്കടലാസ്സും...... ഹായ്!

ആ: വിദ്യാഭ്യാസം.

കുറച്ചു വല്ലതും കഴിക്കു. മുട്ടയും, പന്നിമാംസവും.

യുവാവു്.

(മുട്ടയും പന്നിമാംസവും കണ്ടു നീരസം നടിക്കുന്നു.)

ഇത്തരം ഫലങ്ങൾ ഞാൻ ഇതിനുമുമ്പു ഭക്ഷിച്ചിട്ടില്ല.

പ്ര: മന്ത്രി.

തീർച്ചയായും നല്ല സ്വാദുണ്ടാവും.

യുവാവു്.

(ഭക്ഷിച്ചിട്ടു്) സ്വാദുണ്ടു്!

പ്ര: മന്ത്രി.

ഇതാ, ഇതൊരിത്തിരി നോക്കു. (ബീഫ് വിളമ്പുന്നു.)

യുവാവു്.

എന്തൊരു വാസന!

പ്ര: മന്ത്രി.

രാജാവേ, ഞങ്ങൾ, പുതിയ കൂട്ടർ പപ്പാതി നഗരത്തിൽ ഇതാണു ഭക്ഷിക്കാറു്.

യുവാവ്.

മനുഷ്യരെ ഇത്ര നല്ല കാൎയ്യന്നികൾ ഭക്ഷിക്കുവാൻ പഠിപ്പിക്കുന്ന നിങ്ങൾ, ഹാ!, എന്തൊരു നല്ല കൂട്ടർ! നിങ്ങളെപ്പോലുള്ളവരോട് എങ്ങിനെ സംസാരിക്കും സാധാരണക്കാർ?

പ്രഃ മന്ത്രി.

ഇത്ര എളുപ്പമായിട്ടു മറെറാന്നില്ല. ഞങ്ങളുടെ കൂട്ടത്തിൽ ചേൎന്ന ഒരാൾ......

യുവാവ്.

നിങ്ങളുടെ കൂട്ടമോ? എന്ത്? നിങ്ങൾ ചെമ്മരിയാടുകളെപ്പററിയാണോ പറയുന്നത്?

പ്രഃ മന്ത്രി.

അയാളോടു സംസാരിക്കുവാൻ ഇത്ര മാത്രമേ വേണ്ടു. ഞങ്ങളുടെ ഉടുപ്പുകൾപോലെയുള്ള ഉടുപ്പുകൾ ധരിക്കുക, ഞങ്ങളുടെ വംശപ്രതിഷ്ഠാപകനായ ആ ആത്മീയഗുരുവിൻെറ ഭാഷ—ഇംഗ്ലീഷ്—സംസാരിക്കുക.

യുവാവ്.

ആഹാ?

പ്രഃ മന്ത്രി.

എന്നാൽ പിന്നെ. അവൻ ജോൺ, തോമസ്, ഹാരി തുടങ്ങിയ ബഹുമാന്യങ്ങളായ പേരുകൾ സ്വീകരിക്കുന്നു; വീരഭദ്രൻ, കൃഷ്ണസ്വാമി, അരവാവുഡു മുതലായ പേരുകൾ ഒരു കാലത്തു അവനുണ്ടായിരുന്നതായി സമ്മതിക്കുന്നതിനുപോലും ലജ്ജ തോന്നുന്നു; പിയാനോ അവൻെറ ഉത്തമ സംഗീതയന്ത്രമായി മാറുന്നു. പുരാണ നഗരത്തിലെ വീണമുതലായ സംഗീതയന്ത്രങ്ങളെ അവൻ വെറുക്കുന്നു; "Home sweet Home; It is a loug way to Teperary" മുതലായ പാട്ടുകളാണ് അവൻ പിന്നെ പാടുക. പുരാണനഗരത്തിലെ അബദ്ധമായ തോടിയും ഭൈരവിയും അവൻ മൂളുന്നില്ല. അവസാനമായി ഇടയ്ക്കിടയ്ക്ക്, ഒട്ടുമുക്കാലും ആ ആത്മീയഗുരുവിൻെറ ജന്മദിനം, കുടിച്ചു, ഒരു പ്രഭുവിനെപ്പോലെ കുടിച്ചു, മൂക്കററം കുടിച്ചു, മത്തനായി തെരുവിലൊ, മേശയുടെ ചുവട്ടിലോ കിടന്നുരുളുന്നു. ആത്മീയഗുരുവിൻെറ ജന്മദിനമാണ് അന്നെന്ന കഥതന്നെ അവൻ വിസ്മരിച്ചുകളയുന്നു.

യുവാവ്.

എന്തൊരു അസാധാരണമായ വൎഗ്ഗം! ആരാണു നിങ്ങളുടെ ആഗ്ഗുരു?

പ്രഃ മന്ത്രി.

ക്രിസ്തു.

യുവാവ്.

എന്തു്? നിങ്ങൾ ക്രിസ്തുവിനെക്കുറിച്ചാണോ ഇതുവരെ പറഞ്ഞിരുന്നതു്? നിങ്ങൾക്കുണ്ടോ അദ്ദേഹത്തിന്റെ മതം മനസ്സിലായിട്ടു്? അദ്ദേഹവും, ലോകത്തിന്റെ മററു് ആത്മീയഗുരുക്കന്മാരെപ്പോലെതന്നെ സത്യത്തേയും, ജീവിതസൌന്ദര്യത്തേയുംപ്പററി മാത്രമെ ഉപദേശിച്ചിട്ടുള്ളൂ. ഓരോ തവണയും വ്യാജം പറയുമ്പോൾ ഓരോ തവണയും കുടിക്കുമ്പോൾ, ഓർമ്മയിരിക്കട്ടെ, നിങ്ങൾ നിങ്ങളുടെ ആത്മീയഗുരുവിന്റെ ദേഹത്തെ തല്ലി വ്രണപ്പെടുത്തുകയാണു ചെയ്യുന്നതു്!

ആ: വിദ്യാഭ്യാസം.

അയാൾ അയാളുടെ പുരാണ നഗരത്തിലെ ആദർശങ്ങളിലേക്കു തന്നെ മടങ്ങുകയാണു്. അവനു് ഒരു തുള്ളി കൊടുക്കുക. അപ്പോഴെല്ലാം ശരിയായിക്കൊള്ളും. (ഒരു ഗ്ലാസ് പകർന്നുകൊടുക്കുന്നു.)

യുവാവ്.

(കുടിക്കുന്നു.) മന്ത്രി, ഞാനും നിങ്ങളുടെ കൂട്ടത്തിൽ ഒരാളായിത്തീരട്ടെ!

(വർത്തമാനക്കടലാസു വായിക്കുവാൻ ഭാവിക്കുന്നു. ആ: വിദ്യാഭ്യാസം താമ്പാളം കൊണ്ടുപോകുന്നു.)

തിരുനാൾ ബഹുമതികൾ എന്നു വെച്ചാലെന്താണു്?

പ്ര: മന്ത്രി.

നമ്മുടെ പപ്പാതിനഗരത്തിലെ ഒരു വർഗ്ഗം. മഹാരാജാവേ, ജനങ്ങളുടെ സർവ്വ പ്രതിനിധികളുടേയുംകൂടി ഒരു ഘോഷയാത്രക്കേർപ്പാടു ചെയ്യിട്ടുണ്ടു്, അവിടന്നു എല്ലാവരോടും പരിചയമാവാൻ.

യുവാവ്.

അതു നന്നായി.

(കാവൽക്കാരൻ പ്രവേശിക്കുന്നു.)

പ്രഭോ, ഘോഷയാത്ര വാതിൽക്കലോളം എത്തിപ്പോയി. അവർ അവിടത്തെ സമയം കാത്തുനില്ക്കുന്നു.

യുവാവ്.

അകത്തേക്കു വിളിക്കു. (ഭേരി, ഒരു പൊളിഞ്ഞ ബാന്റ് വാദ്യം. കോട്ടും മുണ്ടും ധരിച്ച ഒന്നാമൻ പ്രവേശിക്കുന്നു.)

ഒന്നാമൻ.

മഹാരാജാവു് ജയിച്ചാലും.

യുവാവ്.

ഇതൊരു പുരാണ കഥാപാത്രം. ഒരു പുതിയ നരസിംഹം. ഹേ, പപ്പാതി മൃഗമേ, നിങ്ങളെപ്പോലെയുള്ളവരുമായി ഞാൻ ഇട പഴ

കിയിട്ടില്ല. കോട്ടും മുണ്ടും ഒട്ടുംതന്നെ യോജിക്കുന്നില്ല. അത്തരത്തിലു ള്ള ചേൎച്ച ഒരു പക്ഷെ ഈ പപ്പാതി നഗരത്തിൽ നിയമാനുസൃതമായി രിക്കാം.

(അയാൾ പോകുന്നു. ഖദർകൊണ്ടുള്ള സൂട്ടു ധരിച്ച രണ്ടാമൻ പ്രവേശിക്കുന്നു.)

രണ്ടാമൻ.

മഹാരാജാവിനു നമസ്കാരം.

യുവാവ്.

ഒരു വലിയ ആത്മാഭിമാനി!

പ്ര: മന്ത്രി.

ആദ്ധ്യാത്മവനിൽനിന്നു തെല്ലു പരിഷ്കരിച്ചവനാണ് ഇയ്യാൾ.

യുവാവ്.

നിങ്ങൾക്കെന്താണിത്ര ആത്മാഭിമാനം യുവാവേ!

രണ്ടാമൻ.

നോക്കു, മഹാരാജാവേ, ഞാൻ നമ്മുടെ നാട്ടിൽ നെയ്യു വസ്ത്രമാണു ധരിച്ചിരിക്കുന്നതു്.

യുവാവ്.

അതൊരു സൂട്ടായിട്ടു വേണമെങ്കിൽ നിങ്ങൾ എന്തിനാണു നമ്മുടെ നാട്ടിൽ നെയ്യു വസ്ത്രം ധരിക്കുന്നതു്?

(രണ്ടാമൻ പോകുന്നു. നവീന നഗരത്തിലെ തുണികൊണ്ടു നെയ്യു സൂട്ടു ധരിച്ച മൂന്നാമൻ പ്രവേശിക്കുന്നു.)

മൂന്നാമൻ.

സർ, Good Morning. നിങ്ങളെ കാണുന്നതിൽ എനിക്കു സന്തോഷമുണ്ടു്.

(Shake-handന് കയ്യുനീട്ടുന്നു.)

യുവാവ്.

(വിഷണ്ണനായി) നിങ്ങളുടെ കൈകൊണ്ടു ഞാനെന്താണു കാട്ടേണ്ടതു്?

പ്ര: മന്ത്രി.

പ്രഭോ, കുലുക്കണം, കുലുക്കണം.

യുവാവ്.

ആവശ്യം?

പ്ര: മന്ത്രി.

പരിഷ്കാരമട്ടിലുള്ള അതിഥിസ്വീകരണ സമ്പ്രദായമാണതു്.

യുവാവ്.

(കൈപിടിച്ചു കുലുക്കുന്നു.) നന്ന്. നിങ്ങളുടെ കൈ കുലുക്കുന്നതിനു നമുക്കു സന്തോഷമുണ്ട്.

പ്ര: മന്ത്രി.

പറയൂ, എനിക്കു നിങ്ങളെ കാണുന്നതിൽ സന്തോഷമുണ്ടെന്നു്.

യുവാവ്.

എനിക്കു നിങ്ങളെ കാണുന്നതിൽ സന്തോഷമുണ്ട്.

മൂന്നാമൻ.

നിങ്ങൾ ഒരു സിഗററ് സ്വീകരിക്കുമോ? (ഒരു സിഗററു നീട്ടുന്നു.)

യുവാവ്.

മന്ത്രി, നാമെന്തുപറയണം?

പ്ര: മന്ത്രി.

വന്ദനം പറഞ്ഞ് ഒന്നു സ്വീകരിക്കണം.

യുവാവ്.

വന്ദനം പറഞ്ഞു ഒന്നു സ്വീകരിക്കണം—യുവാവേ നിങ്ങൾക്കെന്താണ് ജോലി?

മൂന്നാമൻ.

ഞാൻ ഒരു ബി. എ. ക്കാരനാണ്.

യുവാവ്.

ബി. എ. ക്കാരൻ എന്നുവെച്ചാൽ?

മൂന്നാമൻ

സർവ്വകലാശാലയിൽനിന്നു ഞങ്ങൾക്കു തരുന്ന ഒരു ബിരുദാണതു്.

യുവാവ്.

സർവ്വകലാശാലയോ?

മൂന്നാമൻ.

Good Morning. പിന്നെ കണ്ടുകൊള്ളാം. (പോകുന്നു.) (വളരെ പ്രാകൃതമായവിധത്തിലുള്ള ഒരു സൂട്ടു ധരിച്ചു വലിയ തലപ്പാവോടുകൂടി ഒരു തടിയൻ പ്രവേശിക്കുന്നു. കാതിൽ വജ്രകുണ്ഡലങ്ങളും നിറം കേററിയ ഒരു കുടുക്കിക്കുപ്പായവും ധരിച്ചിട്ടുണ്ട്.

നാലാമൻ.

ആരുടെ തൃപ്പാദസ്പർശനമാണോ പൂഴിയിൽ പുഷ്പങ്ങളേയും, നഭോമണ്ഡലത്തിൽ നക്ഷത്രങ്ങളേയും, കാർമേഘപടലിയിൽ മഴവില്ലിനേയും ഉളവാക്കുന്നതു്, ആ തിരുമേനി, മഹാരാജാവ്, ജയിച്ചാലും, ജയിച്ചാലും!

യുവാവ്.

സംസാരത്തിലും കാഴ്ചയിലും ഒരു ഭ്രാന്തൻ. ഇയ്യാളാരാണ്?

പ്ര: മന്ത്രി.

ഹായ്! പ്രഭോ, പപ്പാതി നഗരത്തിലെ കേളികേട്ട ഒരുവനാണു ഇയ്യാൾ—തിരുനാൾ ബഹുമതികൾ......

യുവാവ്.

Goodmorning തിരുനാൾ ബഹുമതികളേ,

നാലാമൻ.

Goodmorning പ്രഭോ, ഞാൻ ദിവാൻ ബഹദൂർ. നവീനനഗരത്തിൽനിന്നു എനിക്കു ലഭിച്ച ബഹുമതിയാണതു്.

യുവാവ്.

നിങ്ങൾക്കതെങ്ങിനെ കിട്ടി?

നാലാമൻ.

നോക്കു, മഹാരാജാവേ, നമ്മുടെ രാജ്യം ക്ഷാമാകുലമായിരുന്നപ്പോൾ ഞാൻ നവീനനഗരത്തിലേക്കു ചാക്കുചാക്കായി പണം അയച്ചു. ആ ഔദാര്യത്തിനു പ്രതിഫലമായിട്ടാണ് ഈ സ്ഥാനം.

യുവാവ്.

ഞാൻ, ആദ്യം, വിചാരിച്ചു. അതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല ഇപ്പോൾ

നാലാമൻ.

ആരുടെ നേത്രങ്ങൾ അസ്മാദൃശന്മാരുടെ ഹൃദയാന്ധകാരത്തിനു മണിദീപങ്ങളാണോ, ആരുടെ നെററിത്തടം ശാശ്വതമായ രാജത്വപ്രാപ്തികൊണ്ടു ഉജ്ജ്വലിക്കുന്നുവോ, അവിടെയ്ക്കു മഹാരാജാവേ, താഴ്മയോടുകൂടിയ എന്റെ ബഹുമാനാദരങ്ങൾ.

(താണുതൊഴുതു പോകുന്നു.)

യുവാവ്.

ഒരൊന്നാന്തരം സ്തുതിപാഠകൻ.

(രണ്ടു സഹോദരന്മാർ വഴക്കടിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

ഒന്നാമൻ.

ഞാൻ പറയുന്നു; ഞാനിന്നലെ ഈശ്വരനെകണ്ടു.

രണ്ടാമൻ.

ഞാനും.

ഒന്നാമൻ.

അയാളുടെ വലത്തേകണ്ണു പൊട്ടിയിരിക്കുന്നു.

രണ്ടാമൻ.

ഇടത്തെക്കണ്ണാണ് പൊട്ടിയിട്ടുള്ളതു്.

ഒന്നാമൻ.

ഈശ്വരനു താടിയുണ്ടു, നീണ്ടതാടി; അതു കാററിൽ പറപ്പിച്ചുകൊണ്ടു ജാജ്വല്യമാനമായ ചക്രവാളത്തിന്നു പിന്നിൽ ഇരിക്കുകയാണ് അയാൾ.

രണ്ടാമൻ.

ഏയ്—ഇല്ലില്ല—ഞാൻ പറയുന്നു അയാൾക്കു താടിയില്ലെന്നു്. നല്ലപോലെ ക്ഷൌരം ചെയ്തിട്ടുണ്ടു്. ഒരു കുട്ടിദൈവം. ഞാൻ അയാളുടെ ക്ഷൌരക്കത്തിയുടെ വായ്ത്തലകൂടി കണ്ടു. അസ്തമയാകാശത്തിന്റെ ഉജ്ജ്വല പ്രാന്തത്തിൽ അതു കിടന്നു തിളങ്ങുന്നു.

ഒന്നാമൻ.

നിന്റെ ഈശ്വരൻ 'ശുദ്ധവങ്ക'നാണ്. ഞാനാ പറയാൻ.

രണ്ടാമൻ.

നിന്റെ ഈശ്വരനാണ് വങ്കൻ.

ഒന്നാമൻ.

എന്റെ ഈശ്വരൻ സത്യമായിട്ടുള്ള ഈശ്വരനാണ്.

രണ്ടാമൻ.

സത്യമായിട്ടുള്ള ഈശ്വരൻ എന്റെ ഈശ്വരനാണ്.

ഒന്നാമൻ

എന്നോടുള്ള തർക്കം നീ നിർത്തുകയില്ലേ?

രണ്ടാമൻ

നീ നിർത്തുകയില്ല എന്നോടുള്ള തർക്കം?

ഒന്നാമൻ

(തല്ലുന്നു) ഭീരു!

രണ്ടാമൻ

അധികപ്രസംഗി!

ഒന്നാമൻ

ഇപ്പോൾ തീർച്ചയാക്കാം ആരുടെ ഈശ്വരനാണ സത്യമായിട്ടുള്ള ഈശ്വരൻ എന്നു്. വടക്കു മജിസ്ട്രേട്ടു കോടതിയിലേക്കു്.

രണ്ടാമൻ

അങ്ങിനെതന്നെ. നോക്കാം. വാടാ.

യുവാവു്.

എന്താ വഴക്കു്?

പ്ര: മന്ത്രി.

സത്യമായ ഈശ്വരനെക്കുറിച്ചാണ്.

യുവാവ്

അവർ സഹോദരന്മാരല്ലേ?

പ്ര: മന്ത്രി.

അതെ, സഹോദരന്മാർ തന്നെ. ഒരു മാതാവിൻെറ വയററിൽനിന്നു ജനിച്ചവർ.

യുവാവ്.

അവർ മജിസ്ട്രേട്ടു കോടതിയിലേക്കാണോ പോയിട്ടുള്ളതു വഴക്കു തീൎക്കാൻ?

ആ: വിദ്യാഭ്യാസം.

വാസ്തവത്തിൽ നീതിന്യായങ്ങൾ അവിടെ മാത്രമേ പാലിക്കപ്പെടുന്നുള്ളു. ഞാൻ പറയുന്ന പണ്ടത്തെ ആ ദിവ്യമന്ത്രമണ്ഡപത്തിൻെറ സ്ഥാനം ഇന്നത്തെ മജിസ്ട്രേട്ടു കോടതി അധിരോഹണം ചെയ്തു കഴിഞ്ഞു. അതു ന്യായവുമാണ്. ജനങ്ങൾക്കു അദൃശ്യനായ ഒരുവനിൽ ഉള്ളതിനേക്കാൾ അധികം രക്ഷ ദൃശ്യനായ ഈ മജിസ്ട്രേട്ടിലാണ്.

യുവാവ്.

എന്താണതു്? പുറം തിരിച്ചു ഒററക്കാലിന്മേൽ ചാടി ചാടി വരുന്ന ആ സ്വരൂപം?

പ്ര: മന്ത്രി.

പനം. (പന പ്രവേശിക്കുന്നു)

പന

അവിടേക്കു് എൻെറ വൃക്ഷസഹജമായ നമസ്കാരം യജമാന്നേ.

യുവാവ്.

നിങ്ങളെന്താണ് ഇങ്ങിനെ പുറംതിരിച്ചു് ഒരു വല്ലാത്ത മാതിരിയിൽ നടക്കുന്നതു്?

പന.

കാരണം, 153 എന്ന നമ്പർ അതിൽ താഴ്ത്തി കൊത്തിയിരിക്കുന്നു.

യുവാവ്.

153 എന്ന നമ്പർ പുറത്തു കൊത്തിയിരിക്കുകയോ? അത്ഭുതമാണ്. നിങ്ങളെക്കൊണ്ടു് ഈ രാജ്യത്തിന് എന്താണ് ഉപയോഗം?

പന:

മഹാരാജാവേ, കേവലം പ്രകൃതിവിരുദ്ധമായ ഒന്ന്. ഞങ്ങളുടെ മുത്തച്ഛൻ വളർത്തപ്പെട്ടിരുന്നതു കാട്ടുകളിലും വയലുകളിലും തണലുകൾ

കളാ തലയ്ക്കു മുകളിൽ നൃത്തംചെയ്യുന്ന മേഘങ്ങളുടെ താളത്തിനു മർമ്മരബ്ദം പുറപ്പെടുന്നതു കേൾക്കുന്നതിനും മാത്രമായിരുന്നു. അതെല്ലാം ആ സുവർണ്ണകാലത്തു്, എല്ലാത്തിലും കവിതയുണ്ടായിരുന്ന ആ കാലത്തായിരുന്നു. ഇന്നത്തെ സ്ഥിതി എത്രമാത്രം വ്യത്യസ്തപ്പെട്ടിരിക്കുന്നു? അതിനൊന്നുമല്ല ഞങ്ങളുടെ തലയിലെഴുത്തു്. നിശ്ശബ്ദമായി നിൽക്കണം; ഒരു പിറുപിറുക്കലും കൂടാതെ, കലാപത്തിന്റെ അനക്കംപോലുംകൂടാതെ. ഒരാൾ ഒരു കോണി ചാരി മുകളിൽ കേറും. അനുവദിച്ചുകൊള്ളുക. അവന്റെ വളഞ്ഞ കത്തി ആ കാലുകളെ ചെത്തുകയും തുരക്കുകയും ചെയ്യും. സഹിക്കണം. വ്രണങ്ങളിൽനിന്നും വരുന്ന രക്തത്തെ വാറിയെടുക്കുവാൻ ഓരോന്നിലും ഓരോ കറുത്ത കലം ഉറപ്പിച്ചുവെയ്ക്കും. ഇങ്ങിനെ ഞങ്ങളെ നശിപ്പിച്ചു. അവർ നമ്പർ കൊത്തുന്നതിനെപ്പററി പറയാതിരിക്കുന്നതായിരിക്കും അധികം നല്ലതു്. ഈ അപമാനങ്ങളെല്ലാം പിന്നേയും സഹിക്കാം. അതിലും വലിയതു് ഒന്നുണ്ടു്. മനുഷ്യർ കുടിച്ചു മത്തരായി മൃഗങ്ങളെപ്പോലെ ആയിത്തീരുന്നതിന് ഉത്തരവാദികൾ ഞങ്ങളാണത്രെ. എങ്ങിനെ സഹിക്കും അതു്? എനിക്കറിയാം, ഞങ്ങളുടെ രക്തം, വലിയ കുടങ്ങളിലേററി, പാതവക്കിനുള്ള പീടികകളിൽ കൊണ്ടുവെച്ചു, വിശപ്പുകൊണ്ടു ചത്തുപോയ കുട്ടികളെ സംസ്കരിക്കുവാൻപോലും ഒരു കാശു കയ്യിലില്ലാത്ത സ്ത്രീപുരുഷന്മാൎക്കു, തന്റെ അവസാനത്തെ ശില്ലിയും ഇതിനു വേണ്ടി ചിലവാക്കുന്ന സ്ത്രീപുരുഷന്മാൎക്കു് എങ്ങിനെയാണു വിൽക്കപ്പെടുന്നതെന്നു്!

(പന പോകുന്നു.)

അ: വിദ്യാഭ്യാസം.

ഇതൊരസാദ്ധ്യമൂർത്തി! എബ്ബോ! മുന്തിരിങ്ങ പുളിക്കുന്നു എന്നു പറഞ്ഞതുപോലെത്തന്നെ. അവനു് കുടിക്കാൻ കഴിയാത്തതുകൊണ്ടു മററുള്ളവരോടു അസൂയ!

യുവാവു്.

ഒരു വല്ലാത്തമനുഷ്യൻ — അവന്റെ ഒററക്കാലും, മുദ്രകുത്തിയ പുറവും, വലിയ തത്വശാസ്ത്രവും. സ്നേഹിതാ, നിങ്ങളുടെ വിസ്കി, കുറച്ചുകൂടി.

(വിസ്കി മേശയുടെ അടുക്കലേക്കു ഓടുന്നു. ഒരു ഗ്ലാസ് പകൎന്നു കൊടുക്കുന്നു. യുവാവു് കുടിക്കുന്നു.)

പ്ര: മന്ത്രി.

പ്രഭോ, ആ വരുന്ന പെണ്ണിനെ അവിടുന്നു കാണുന്നുണ്ടോ?

3.24

യുവാവു്.

അവൾക്കു വല്ലാത്ത വ്യസനമുള്ളതുപോലെ തോന്നുന്നു. നീ യാര്?

(സ്വകാര്യ സ്വത്തു പ്രവേശിക്കുന്നു.)

സ്വ: സ്വത്തു്.

ഞാനോ, സ്വകാര്യസ്വത്തു്.

യുവാവു്.

സ്ത്രീസാധാരണമല്ലാത്തൊരു പേര്.

സ്വ: സ്വത്തു.

ദയാലുവായ യജമാനന്നേ, ഈ നാട്ടിൽ ഈ പേരു സാധാരണമാണു്,

യുവാവു്.

ആരുടെ സ്വകാര്യസ്വത്താണ് നിങ്ങൾ?

സ്വ: സ്വത്തു്.

നിയമം ആരെന്റെ ഭർത്താവാണെന്നു പറയുന്നുവോ അയാളുടെ,

യുവാവു് (ഉറക്കം തൂങ്ങിക്കൊണ്ടു്.)

പുരുഷൻ അയാൾ പരിഗ്രഹിക്കുന്ന സ്ത്രീയുടെ ഈശ്വരനാണ്. നേരെ മറിച്ചു സ്ത്രീ അവൾ വരിക്കുന്ന പുരുഷന്റെ ഈശ്വരിയും.

സ്വ: സ്വത്തു്.

അതെ. പക്ഷെ അതെല്ലാം ആ പുരാണനഗരത്തിലായിരുന്നു. ഇതു പപ്പാതി നഗരമാണെന്നു ഓർമ്മവെയ്ക്കണം. ഇവിടെ നടക്കുന്ന സംഗതികൾ എത്രമാത്രം അസാധാരമായിരുന്നാലും അതു അത്ര അസാധാരണമായിത്തീരുന്നില്ല; എത്രമാത്രം പ്രകൃതിവിരുദ്ധമായിരുന്നാലും അതു അത്ര പ്രകൃതിവിരുദ്ധവുമായിത്തീരുന്നില്ല. (അവൾ കരയുന്നു.)

യുവാവു്.

നിങ്ങൾ കരയുന്നതു് എന്തിനാണ്.

സ്വ: സ്വത്തു്.

ഞാനൊരു സ്ത്രീയല്ലേ? സ്ത്രീക്കു വിധിച്ചിട്ടുള്ളതു കണ്ണുനീരാണ്. ദയനീയയായ ഒരു ജന്തു എന്നല്ലാതെ ആരാണവൾ? അവളുടെ ജന്മം ഏകാന്തം, അശ്രീകരം, അവലക്ഷണം. അവളുടെ ജീവിതം ജനങ്ങളുടെ സുഖോപഭോഗങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള ഒരു മൂകമായ യന്ത്രം മാത്രം.

യുവാവു്.

നിങ്ങളുടെ ഭർത്താവു ഒരു പുരുഷനല്ലേ?

സ്വ. സ്വത്ത്

അങ്ങിനെയാണെന്നൊക്കെയാണ് അദ്ദേഹം പറയാറ്. ലോകവും അദ്ദേഹത്തെ അങ്ങിനെത്തന്നെയാണ് വിളിക്കുന്നത്. എന്നാൽ പ്രഭോ, പൌരുഷത്തിൻെറ കാലമെവിടെ? ഇതു സ്വേച്ഛാപ്രഭുത്വത്തിൻെറ കാലമാണ്. യഥാൎത്ഥ പൌരുഷവുമായി യാത്ര പറഞ്ഞു പിരിഞ്ഞവനാണ് സ്വേച്ഛാപ്രഭു. (തുടരും.)

രാജൻ.

# സ്ത്രീത്വത്തെപ്പററി ചില ചിന്തകൾ.

"പരിഷ്കാരം ഇന്നു ഒരു പരിവൎത്തനഘട്ടത്തെ തരണംചെയ്യുകയാണ്. പരിഷ്കാരത്തിൻെറ അല്ല, മനുഷ്യസമുദായത്തിൻെറതന്നെ ഭാവി അനിശ്ചിതമായിട്ടാണ് ഇരിക്കുന്നതു്. എങ്കിലും നിരാശയ്ക്കു അവകാശമില്ല. നാം ഈ ലോകമുഖത്തു ആവിൎഭവിച്ചിട്ടു അധികകാലമായിട്ടില്ല. നാം പരിഷ്കാരത്തിൻെറ പരമദശയിലെത്തിയിട്ടില്ലെങ്കിൽത്തന്നെ അതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്. നമുക്കു ഇനിയും സമയമുണ്ടു്". ഇങ്ങിനെ ഒരു ശുഭപ്രതീക്ഷയോടുകൂടിയാണ് പ്രൊഫസ്സർ രാധാകൃഷ്ണൻ "പരിഷ്കാരത്തിൻെറ ഭാവി"യെ അളന്നുനോക്കുവാൻ ഉദ്യമിക്കുന്നതു്. അതെ സംഭവബഹുലമായ ഒരു കാലത്തിലെ രസകരമായ ഒരു അദ്ധ്യായത്തിൽക്കൂടിയാണ് നാം കടന്നുപോരുന്നതു്. പരസ്പരാപേക്ഷികങ്ങളും പരസ്പരവിരുദ്ധങ്ങളുമായ തത്വങ്ങളുടെ അഭിലഷണീയമായ ഒരു സങ്കലനമാണ് ആധുനികലോകം. സോഷ്യലിസം, ബോൾഷെവിസം, പുരുഷത്വം, സ്ത്രീത്വം മുതലായ "ഇസം"ങ്ങൾ ഒരു ഭാഗത്തു്; സാൎവ്വലൌകികമായ സാമ്പത്തികാധഃപതനവും, വ്യാപാരാധഃപതനവും മറുഭാഗത്തു്. ഇവ ഇദാനീന്തനമായ മനുഷ്യസമുദായത്തെ നാനാഭാഗത്തുനിന്നും മഥിക്കുകയാണ്.

പരസ്പരവിരുദ്ധങ്ങളായ ഈ ഘടകങ്ങളുടെ ഇടയിൽനിന്നാണ മഹനീയമായ സ്ത്രീത്വത്തിൻെറ പുനരുജ്ജീവനം. അതിന്നു നവ്യമായ ഒരു ചൈതന്യം സംജാതമായി. അതിൻെറ പരിമളം ലോകമെങ്ങും വ്യാപിച്ചു. മനുഷ്യൻെറ പരിപൂൎണ്ണമായ ശ്രദ്ധയെ സമാകൎഷിക്കുവാൻ അതിനുള്ള ശക്തി അന്യാദൃശമായിത്തീൎന്നു. പക്ഷേ 'പുരുഷത്വ'ത്തിലുള്ള അരിയായ ഭ്രമംകൊണ്ടു സ്ത്രീകൾ അവരുടെ സ്ത്രീസഹജമായ മാതൃത്വമഹിമയെ വിസ്മരിച്ചുതുടങ്ങിയിരിക്കുന്നു.

ഫ്രാൻസിലെ ഭരണപരിവൎത്തനത്തിൻെറ സന്താനങ്ങളാണ് സാമുദായികത്വവും സ്ത്രീത്വവും. ഫ്രാൻസിലെ ഭരണപരിവൎത്തനവും ഇംഗ്ലണ്ടിലെ സിവിൽ യുദ്ധവും സ്ത്രീകളെ ബന്ധിച്ചിരുന്ന പാരതന്ത്ര്യശൃംഖലകളെ ശിഥിലിതമാക്കി. ഫ്രഞ്ചുപരിവൎത്തനത്തിൻെറ മുദ്രാവാക്യങ്ങളായ "സ്വാതന്ത്ര്യം, സമത്വം, സാഹോദൎയ്യം" വീണ്ടും ഉപശാഖകളായി പിരിഞ്ഞു. അതിൻെറ രണ്ടു ചില്ലകളാണ് സ്വാമുദായികത്വവും സ്ത്രീ

3526



ത്വവും. ലോകം ഒരു പുരോഹിതാധിപത്യമാണ്; ഇതാണ് വിദ്യാഭ്യാസവും പരിചയവും നമ്മെ പഠിപ്പിക്കുന്നതു്. സമുദായത്തെ ഉടച്ചുവാക്കുകയാണ് സോഷ്യലിസത്തിൻെറ പരമോദ്ദേശം. അതു മനുഷ്യസമുദായത്തെ അഭിവൃദ്ധിപ്പെടുത്തുമോ, നശിപ്പിക്കുമോ എന്നു തീർച്ചയാക്കേണ്ടതു് ഭാവിയാണ്.

"വിവിധോന്മുഖമായ ജീവിതത്തിൽ സ്ത്രീകൾ വിജയിനികളാകുന്നുണ്ടെങ്കിൽ അതു് അവരുടെ കല്പനാശക്തികൊണ്ടല്ല" എന്നാണ് അല്ലൻ കെല്ലിയുടെ അഭിപ്രായം. ഗൃഹജീവിതത്തിൻെറയും പൊതുജീവിതത്തിൻെറയും പുരോഗതിക്കു ധാർമ്മികമായി സ്ത്രീകൾ എന്തു ചെയ്തിട്ടുണ്ടെന്നു നമുക്കു ഒന്നു പരിശോധിച്ചുനോക്കുക. അതിനായി നമുക്കു് അസ്വാതന്ത്ര്യത്തിൻെറ കാലത്തേക്കു ഒന്നു് എത്തിനോക്കാം. നരഭുക്കുകളുടെ കാലത്തോടുകൂടി ചരിത്രം ആരംഭിക്കുന്നു. അന്നു സ്ത്രീകൾ അവരുടെ ഭക്ഷണസാധനമായിരുന്നു. അതിനുശേഷം പുരുഷന്മാർ കാടന്മാരും, സ്ത്രീകൾ മൃഗീയപ്രകൃതികളായ അവരുടെ സുഖോപകരണങ്ങളും. മനുഷ്യസമുദായം കുറേക്കൂടി മുൻപോട്ടുപോയി; അതോടുകൂടിത്തന്നെ സ്ത്രീകളുടെ നിലയും അടിമത്വമായി ഭേദപ്പെട്ടു. അതിനുശേഷമാണ് പുരുഷൻെറ ബുദ്ധിയെ പുതിയ ആശയങ്ങൾ ആകർഷിച്ചതു്. അതോടുകൂടിത്തന്നെ സ്ത്രീയോടുള്ള തൻെറ പെരുമാററത്തെക്കുറിച്ച ധാർമ്മികമായ ഒരു ഭയം പുരുഷനിൽ ഉദിച്ചു. നവനവങ്ങളായ ആശയങ്ങളുടേയും ആദർശങ്ങളുടേയും ആവിർഭാവത്തോടുകൂടി മനുഷ്യൻെറ സദാചാരത്തിനും നീതിബോധത്തിനും ഒരു പരിവർത്തനം സംഭവിച്ചിട്ടുണ്ടു്. ലോകത്തിൻെറ ഭൂതത്തേയും ഭാവിയേയും വിശകലനംചെയ്തു പരാമർശിച്ചുകൊണ്ടുള്ള ഡാർവിൻെറയും നീററ്സ്കീയുടേയും പുതിയ തത്വങ്ങൾ ഈ പരിവർത്തനത്തിൻെറ വിത്താനങ്ങളാണ്.

മാതൃത്വമാണ് സ്ത്രീയുടെ പരമാദർശം. പൈതലിൻെറ നിസ്സഹായതയും നിഷ്കളങ്കതയും മനുഷ്യഹൃദയത്തിൽ ദയയുടെ ബീജാവാപം ചെയ്തു. അതോടുകൂടത്തന്നെ സമുദായത്തിൻെറ പ്രാഥമികഘട്ടവും ആരംഭിച്ചു. അതേ, മനുഷ്യജീവിതത്തിൽ പുതിയ ഒരു മുദ്ദുചവികാരം ഉദിച്ചു—സ്നേഹം.

മൃഗീയമായ ഭോഗാസക്തി എവിടെ അവസാനിക്കുന്നുവോ അവിടെയാണ് പരിശുദ്ധമായ മാതൃത്വത്തിൻെറ ഉദയം. ക്രിസ്തുമതത്തെപ്പോലെതന്നെ മററു പൌരസ്ത്യമതങ്ങളും ഗൃഹസ്ഥാശ്രമത്തെ അവഹേളിക്കുകയാണു ചെയ്യുന്നതു്. ബ്രഹ്മചര്യയാണു മനുഷ്യനെ പരിശുദ്ധമാക്കുന്നതെന്നാണ് ഏതാദൃശമായ മതങ്ങൾ നമ്മെ പഠിപ്പിക്കുന്നതു്. നരകത്തിൻെറ ഗോപുരദ്വാരമായിട്ടാണ് അവർ സ്ത്രീകളെവീക്ഷിച്ചിരുന്നതു്.

ഭോഗപരമായ പാരതന്ത്ര്യത സ്ത്രീകളുടെ ജീവിതത്തെ മലിനമാക്കി. അവളുടെ ജീവിതത്തിൻെറ പ്രകാശമാനമായ പ്രഭാതത്തിൽ അവൾക്കു മാതാപിതാക്കന്മാരുടെ ശാസനകൾ അനുസരിക്കണം. ജീവിതത്തിൻെറ വസന്തത്തുവിൽ അവൾക്കു സുഖലോലുപനും അനഭിജ്ഞനുമായ ഒരു ഭർത്താവിനെ സന്തോഷിപ്പിക്കണം; ജീവിതമദ്ധ്യാഹ്നവും കഴി

ഞ്ഞു. അവൾ ഒരു 'വൃദ്ധ'യായി. കൃത്യബോധമില്ലാത്ത സ്വപുത്രന്മാരുടെ ദയ മാത്രമാണ് അവൾക്ക് ഇനി അവലംബം. പിന്നെ എങ്ങിനെയാണ് നിരുന്മേഷയും ചൈതന്യരഹിതയും ആകാതെയിരിക്കുക സ്ത്രീ ഭീരുവായിത്തീൎന്നു. പുതിയ ഒരു അബ്ദത്തിന്റെ ആവിൎഭാവത്തോടുകൂടി, സ്ത്രീ സ്വതന്ത്രയായതോടുകൂടി, ആ ദുൎഗ്ഗുണങ്ങൾ ലോകമുഖത്തുനിന്നു പ്രഭാതത്തിലെ ഹരിതതൃണങ്ങളിൽ നിക്ഷിപ്തമായ മഞ്ഞുതുള്ളികളെപ്പോലെ അപ്രത്യക്ഷമാകുമോ എന്നതു് അനാശ്ചിതമാണ്.

സ്ത്രീത്വത്തിന്റെ ഭാവി മനുഷ്യസമുദായത്തിന്റെ ഭാവിയോടു് അവിഭജ്യമായ വിധത്തിൽ സംബദ്ധപ്പെട്ടിട്ടാണ് ഇരിക്കുന്നതു്. ശുഭപ്രതീക്ഷകനായ തത്വജ്ഞാനി എന്തുതന്നെ ചിന്തിച്ചാലും സ്ത്രീത്വത്തിന്റെ ഇദാനീന്തനമായ നില അത്തരത്തിലുള്ള ശുഭപ്രതീക്ഷക്കു വഴി തരുന്നില്ല. വിവാഹത്തിന്റെ "ന്യായവിരുദ്ധമായ ബന്ധ"ത്തിൽനിന്നും മാതൃത്വത്തിന്റെ ഭാരവാഹിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുവാനാണ് ഇന്നത്തെ സ്ത്രീകൾ യത്നിക്കുന്നതു്. അവരുടെ അഭിപ്രായത്തിൽ അതു് ആധുനികത്വത്തിൽനിന്നും അപ്പുറത്തെത്തിയിട്ടുള്ള പരിഷ്കാരമാണ്. ഗൃഹജീവിതത്തിൽ, മാതൃത്വത്തിൽ മാത്രമേ സ്ത്രീകൾ സദാചാരനിരതരായിരിക്കേണ്ടതുള്ളുവെന്നു സാമാന്യമായ ഒരു ബോധം ഇന്നു സംജാതമായിട്ടുണ്ടു്. പക്ഷേ ഗൃഹങ്ങൾ ക്രമേണ അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു."

മഹനീയമായ മാതൃത്വത്തിന്റെ പുനരുജ്ജീവനമാണ്, അതിന്റെ പരിപൂൎണ്ണതയാണ് ഗൃഹജീവിതത്തിന്റെ അടിക്കല്ലു്. സ്ത്രീയാണ് ഗൃഹത്തിലെ മംഗളദീപം; സ്ത്രീയാണ് ഗൃഹത്തിലെ സൌന്ദൎയ്യം. എവിടെ മാതൃത്വം അവസാനിക്കുന്നുവോ അവിടെ സമുദായത്തിന്റെ ചരിത്രവും അവസാനിക്കുന്നു. "അപൂൎണ്ണനായ ഒരു മനുഷ്യനല്ല, സ്ത്രീ. അവൾ അംഗുലികളുടെ അററത്തോളവും ഒരു സ്ത്രീയാണ്. പുരുഷന്നു് അവന്റെ ബുദ്ധിശക്തിയുണ്ടെങ്കിൽ സ്ത്രീക്കു് അവളുടെ സഹജജ്ഞാനമുണ്ടു്. സ്ത്രീ നിരീക്ഷിക്കുന്നു, പുരുഷൻ ചിന്തിക്കുന്നു." ആധുനികത്വത്തിനും അപ്പുറത്തെത്തിയിട്ടുള്ള ഭൌതികതത്വവാദികൾ ഇതിനെപ്പററിയൊന്നു ചിന്തിച്ചെങ്കിൽ!

വി. രാമനുണ്ണിമേനോൻ.

---

# കാളിദാസരുടെ 'ഉൎവ്വശി'

(തുടൎച്ച.)

പുരൂരവസ്സിന്നു അത്യാഹ്ലാദപ്രദമായിരുന്ന പുത്രപ്രാപ്തി, ഉൎവ്വശിക്കു മൎമ്മഭേദകമായിരുന്നു് എന്നു പറയേണ്ടതില്ലല്ലൊ. പിതൃസമീപത്തിൽ ഉത്സാഹഭരിതനായി കളിച്ചുകൊണ്ടുനില്ക്കുന്ന ആയുസ്സിനെക്കണ്ടു്, ആസന്നമായ വിരഹത്തെ ഓൎത്തു് ഉൎവ്വശി കണ്ണുനീരൊഴുക്കിത്തുടങ്ങി. പ്രസന്നവദനനും കോമളഗാത്രനുമായ സ്വസുതന്റെ ദൎശനമാത്രത്തിൽ, പരവശ്യം ആനന്ദോന്മീലിതയായിരിക്കേണ്ട ആ സമയത്തു ദയ

നീയമായ ദിനതാപത്തോടുകൂടി അശ്രുവാക്കുന്ന അവളെക്കണ്ടു്, സംഗതികളുടെ വാസ്തവം അറിയാതെ അത്യന്തപരതന്ത്രനായി.

"ഭദ്രേ; മദീയകുലരക്ഷകനാം സമത്ഥൻ
പുത്രൻ ഭവിച്ചളവിലശ്രുകണങ്ങളാലെ,
അത്യുന്നതസ്തനതടേ, പുനരുക്തമെന്തു
മുക്താഫലത്തിനിഹചേത്തു കരഞ്ഞിടുന്നു,

എന്നിങ്ങനെ രാജാവു്, അവളുടെ ശോകാവേഗത്തിന്റെ കാരണം ചോദിക്കുന്നു. ഓക്കുന്തോറം ഉയന്നുവന്ന മനശ്ചാഞ്ചല്യം ഉവ്വശിയെ അനുനിമിഷം അസ്വാസ്ഥയാക്കിത്തീത്തു. തന്റെ ഹൃദയാധിഷ്ഠിതനായ പ്രാണനാഥനുമായുള്ള അത്യാസന്നമായ ആ വേർപാടിനെ അവൾ എങ്ങിനെ അദ്ദേഹത്തെ ധരിപ്പിക്കും? ഒടുവിൽ സ്വമനോഗുപ്തമായ ആ രഹസ്യം അവൾ ഒരു വിധം അദ്ദേഹത്തെ ധരിപ്പിച്ചു. അവശ്യകരണീയമായ സ്വർഗ്ഗഗമനവൃത്താന്തത്തെ ഗൽഗദവാണിയായി ഉച്ചരിച്ചുകൊണ്ടു "മന്ദഭാഗ്യയായ എന്നെയും ചെയ്യേണ്ടതിനെ ചെയ്യുവാനെന്നു വിചാരിക്കണേ" എന്നു്, അവൾ വിനീതയായി അദ്ദേഹത്തോടപേക്ഷിക്കുന്നു. രാജാവിനോടുള്ള നിഷ്കളങ്കമായ സ്നേഹത്താൽ വിരഹഹേതുക്കളെ തടയുന്നതിനു സവ്വാത്മനാ ഉദ്യമിച്ചിട്ടും, ഫലിക്കാതെ മന്ദഭാഗ്യയായിത്തീന്ന ആസാധ്വി എന്തു ചെയ്യട്ടെ.

"നാരിമാക്കില്ല സത്യം സ്നേഹവുമകതാരി-
ലാലെയുമവക്കില്ല, കാര്യസാധ്യമേയൊള്ളു
നാരിമാരോടും, സാലവൃകങ്ങളോടും സഖ്യ-
മാരുമേ, മോഹിക്കേണ്ട, ചഞ്ചലമവർ ചിത്തം."

എന്നു തുറന്നു പറയുന്ന ഭാഗവതപുരാണപ്രഥിതയായ ഉവ്വശിയുടെ വാക്കുകൾ, കാളിദാസരുടെ ഉർവ്വശി, അക്ഷരംപ്രതി അന്യഥാകരിക്കുന്നു എന്ന വാസ്തവം ഇവിടെ പ്രത്യക്ഷമാണല്ലോ. ഭാഗവതം വർണ്ണിച്ചവിധം, നിന്ദ്യമായ മനസ്ഥിതിയോടുകൂടി, വിഷയലമ്പടയും, സ്നേഹശൂന്യയും, ആയ ഒരു വേശ്യാസ്ത്രീയെയല്ല' പ്രേമത്തിന്റെ, ഭാസുരവും, പരിപൂതവുമായ പ്രഭാപൂരം തട്ടി, നിഷ്കന്മഷയായ ഒരു മാതൃകാസ്ത്രീയെയാണു നാം ഇവിടെക്കാണുന്നതു്. താമസികമായ മദനഭ്രാന്തിനു് ഒരു കോമരമായിരുന്ന ഉവ്വശിയാണു നിരത്ഥപരവും, നിതാന്തസംശുദ്ധവും ആയ ദിവ്യപ്രേമത്തിന്റെ അധിഷ്ഠാനദേവതയായിട്ടു് ഇവിടെ കാണപ്പെടുന്നതു്. ഒന്നു ലോകാനന്ദഹേതുകവും, പവിത്രഭാസുരവും, ആയ ഉഷസ്സുപോലെ ഉൽക്കഷകാരിണിയും ആരാധ്യയും ആണെങ്കിൽ, മറെറാന്നു്, അന്ധകാരദൂഷിതവും, അപമയോന്മുഖവും, ആയ സായംസന്ധ്യപോലെ സത്യാജ്യയായിരിക്കുന്നു. പുരൂരവസ്സുമായുണ്ടായ പ്രഥമസമാഗമത്തിൽ, സംജാതമായ പ്രേമം, സായന്തനച്ഛായപോലെ ക്രമേണ വളന്നുവന്നു്, ഈ ഘട്ടത്തിൽ എത്തിയതോടുകൂടി എത്രതന്നെ വിപുലവും, വിശോഭനീയവും ആയിത്തീന്നു എന്നു വ്യക്തമാണല്ലോ.

നിത്യദീപ്തവും, നിതാന്തശുദ്ധവും ആയ ആ പ്രേമം, ഉൎവ്വശിയെ അവൾ ഉദ്ദേശിച്ചവിധം, അന്തമില്ലാത്ത ശോകസാഗരത്തിലേക്കു തള്ളിയിട്ടില്ല. അതിന്റെ ആനന്ദദായകത്വം, അവൾക്കു് അചിരേണ അനുഭവപ്പെട്ടു. പുരൂരവസ്സിന്റെ ജീവപൎയ്യന്തം, ഉൎവ്വശി അദ്ദേഹത്തോടൊന്നിച്ചു ജീവിക്കട്ടെ എന്നുള്ള ഇന്ദ്രസന്ദേശവും വഹിച്ചുകൊണ്ടു് ഉടൻതന്നെ നാരദൻ അവിടെ വന്നുചേൎന്നു. ഈ വൎത്തമാനം അവൾക്കു് എത്രമാത്രം ആഹ്ലാദകാരണമായിരുന്നു എന്നുള്ളതു് ഏകദേശം ഊഹ്യമാണല്ലോ. സമ്പൂൎണ്ണകാമയായ ഉൎവ്വശിക്കു സന്തോഷകരങ്ങൾ പിന്നെയും ഉണ്ടായിക്കൊണ്ടിരുന്നു. വിദ്യാവിശാരദനും, കാൎയ്യനിപുണനും ആയ സ്വപുത്രന്റെ രാജ്യാഭിഷേകമഹവും അധികം താമസിയാതെ, ആഡംബരപൂൎവ്വം കൊണ്ടാടപ്പെട്ടു. എന്നാൽ ഈ അനുകൂലസംഭവങ്ങളിൽ ഒന്നിലെങ്കിലും, ഗൎവ്വിഷ്ഠയാകാതെ, "ഈ അഭ്യുദയങ്ങൾ എല്ലാവൎക്കും കൂടിയുള്ളതാണു്" എന്നു പ്രശാന്തമായി പറയുന്നതിനേ അവൾ ശക്തയാകുന്നുള്ളു. കാളിദാസരുടെ, ദിഗന്തവിശ്രുതമായ കവനകലാകൌശലം, ഇങ്ങിനെ, വൎജ്ജനീയയായി പരിഗണിക്കപ്പെട്ടിരുന്ന ഉൎവ്വശിയെ സംപൂജ്യയായ ഒരു നായികാമണിയാക്കി രൂപാന്തരപ്പെടുത്തി ഏതാദൃശമായ സംസ്കാരശോഭയെ വഹിച്ചു സുമനസ്സമ്മാന്യയായിത്തീൎന്ന പ്രകൃതത്തിലെ ഉൎവ്വശിയും, ലോകോപദേശം, എന്ന വ്യാസരുടെ ഉദ്ദേശത്തെത്തന്നെ മറെറാരു പ്രകാരത്തിൽ നിറവേററുകയും ചെയ്യുന്നുണ്ടു്.

ടി. പി. രാമകൃഷ്ണപിള്ള.

---

# എന്റെ മരണശയ്യ.

ശിവ! ശിവ! അന്നത്തെ കഥയാലോചിക്കുമ്പോൾ എനിക്കിന്നും രോമാഞ്ചമുണ്ടാകുന്നു. കൎക്കടകമാസത്തിലെ കറുത്ത വാവു്. നേരം ഏതാണ്ടു പത്തു പതിനെട്ടു നാഴിക ചെന്നിരിക്കണം. യുഗാന്തരങ്ങളിൽ സഞ്ചയിക്കപ്പെട്ടിട്ടുള്ള അന്ധകാരം പോലും പ്രകൃതീദേവി പുറത്തു വിട്ടിരിക്കുന്നു. അനദ്ധ്യായമില്ലാതെ കോരിച്ചൊരിയുന്ന പേമാരി. വെള്ളപ്പൊക്കത്താൽ കാറപ്പെട്ടു രക്ഷാമാൎഗ്ഗം കാണാതെ നിരാശപ്പെട്ടുഴലുന്ന ശ്വാക്കളുടേയും സൃഗാലന്മാരുടേയും ഭയനീയമായ നിലവിളി. താമരക്കുളത്തിലെ ഭേക ഭാഗവതന്മാരുടെ ഗംഭീരമായ പാട്ടുകച്ചേരി. ഘോരാനിലന്റെ ഘോഷയാത്ര. വെൺചാമരം വീശുന്ന തരുനിരകളുടെ നിരന്തരാരവം. ഒക്കാപ്പുറത്തു കിട്ടുന്ന അടികൾ പോലെ കാററുകൊണ്ടു കിലടയുന്ന ജനവാതിലുകളുടെ ശബ്ദം. ഞാൻ കിടക്കുന്ന മുറിയിലെ വിദ്യുദ്ദീപമൊന്നുമാത്രമെ പ്രകാശിക്കുന്നുള്ളു. ഒരു കാൻവസ് കട്ടിലിന്മേൽ മരണസമയവും "ശിരസ്സിലാക്കി" ഞാൻ നീണ്ടു നിവൎന്നു കിടക്കുന്നു. ശിരസ്സിലാക്കി എന്നു പറഞ്ഞിട്ടുള്ളതു് ഉള്ളിൽ കയറി കഴിഞ്ഞിട്ടില്ലാതിരുന്നതുകൊണ്ടു മാത്രമാണു്. ഞാൻ "ശ്വാസം വലിച്ചിരുന്നുവോ" എന്നു എനിക്കിപ്പോൾ പറയുവാൻ വയ്യ. പക്ഷെ ശ്വാസോച്ഛ്വാസം കഴിച്ചിരുന്നുവെന്നു നല്ല തീൎച്ചയുണ്ടു്. കൺമിഴികൾ മേല്പോട്ടു പോയിരുന്നുവോ?

ദൃഷ്ടി ഉറച്ചു തന്നെ നിന്നിരുന്നുവോ, എന്നു് ഓൎമ്മയില്ല; എങ്കിലും ചുറ്റം നടന്നിരുന്ന സംഗതികൾ എനിക്കു കാണാമായിരുന്നു. ആളുകളെ ധാരാളമായി തിരിച്ചറിയുവാൻ എനിക്കു സാധിച്ചിരുന്നു. പ്രജ്ഞ വിട്ടിട്ടുണ്ടായിരുന്നില്ലെങ്കിലും സംസാരിക്കുന്നതിനു തീരെ കഴിവില്ലായിരുന്നു. കൈകാലുകൾ അനക്കുന്നതിനും പൊടിവലിക്കുന്നതിനുപോലും സാദ്ധ്യമല്ലായിരുന്നു. വൈദ്യൻ വന്നതും കൈപിടിച്ചു നോക്കിയതും ജ്യേഷ്ഠനെ വിളിച്ചു എന്തൊക്കേയോ ചെവിയിൽ മന്ത്രിച്ചതും ഞാൻ ഇപ്പോഴും സ്മരിക്കുന്നുണ്ടു്. ബന്ധുക്കളുടെ ഇടയിൽ ഒരാൾ—പേർ പറയുന്നില്ല—തനിക്കു ഉറക്കമൊഴിച്ചാൽ ദഹനമുണ്ടാകയില്ലെന്നു പറഞ്ഞു ശയനഗൃഹം പ്രവേശിച്ചതു ഞാൻ മറന്നിട്ടില്ല. ഞാൻ കിടക്കുന്ന തളത്തിനു തൊട്ട കോലായിൽ ഇരുന്നു ഉറക്കം തൂങ്ങിയിരുന്ന ഭൃത്യന്മാരുടെ തലയിലെഴുത്തിൽ എനിക്കു സഹതാപം തോന്നാതിരുന്നില്ല. യാത്രാദാനം വാങ്ങിപ്പാൻ സമയം പാൎത്തിരുന്നിരുന്ന "ശ്രൂപ്പപ്പട്ടർ" താൻ നാളതുവരെയായി വാങ്ങീട്ടുള്ള യാത്രാദാനങ്ങളുടെ ലിസ്റ്റു വായിച്ചു ബോദ്ധ്യപ്പെടുത്തുന്നതും എന്റെ ശ്രവണപുടങ്ങളിൽ പ്രവേശിക്കാതിരുന്നില്ല. റപ്പിസ്റ്റാക്കുകാര കൊണ്ടുപോകുന്നതും "തെക്കേക്കുളം കമലാക്ഷിക്കു്" "എഴുത്തച്ഛന്റെ എടവാടു നാരായണനു്" "അപ്പോൾ എനിക്കൊന്നും വേണ്ടന്നോ" "മരുമക്കൾക്കു തേങ്ങാക്കൊലയാണു്" "നല്ലവണ്ണമിരിക്കുന്നകാലത്തു ചോദിച്ചു മേടിക്കായിരുന്നില്ലേ". എന്നിങ്ങനെ നാലറയത്തു ചില സംഭാഷണങ്ങൾ നടക്കുന്നതും എനിക്കു വഴിപോലെ അറിയാമായിരുന്ന സംഗതികളാണു്. നമ്മുടെ രാമൻകുട്ടിമേനോൻ മുറക്കാൻ ചോദിക്കുന്ന ശബ്ദം എന്റെ ചെവിയിൽ പാഞ്ഞുകയറി. എന്റെ തലയ്ക്കലിരുന്നുകൊണ്ടു സാക്ഷാൽ "മരണക്കുറി" നാരായണൻനായർ അജാമിളമോക്ഷം വായിക്കുന്നുണ്ടായിരുന്നു. കൃഷ്ണൻനമ്പ്രാന്തിരിയുടെ സഹസ്രനാമജപവും മരുമക്കളുടെ നാമജപങ്ങളും എനിക്കു കേൾക്കാമായിരുന്നു. "മഹാൻ തുടങ്ങി; പക്ഷെ ഇടക്കിടക്കു ചിന്നൻ വന്നു. തകരാറാകുന്നു" എന്നു ലക്ഷണക്കാരൻ കുഞ്ഞികൃഷ്ണൻ പിറുപിറുക്കുന്നതും ഞാൻ കേട്ടു. "എന്നാൽ ഒപ്പിട്ടുവിടുകയല്ലേ? എന്നു ചോദിച്ചുകൊണ്ടു് ഒരാൾ തണുത്തു മരവിച്ചിരുന്ന എന്റെ കൈപിടിച്ചു് "ഒസ്യത്തിൽ" 'ഷോറ' വരച്ചു. നിസ്സഹായനായ എന്നെ ആ ഘട്ടത്തിൽ പോലും ഉപദ്രവിക്കുന്നതിന്നു ലേശംപോലും മടിയില്ലാതിരുന്ന അവരുടെ മനഃകാഠിന്യത്തെ ഞാൻ ശിരസാശ്ലാഘിച്ചു. എത്രയും അൎത്ഥപൂൎണ്ണമായ ഒരു നോട്ടം ഞാൻ അവരുടെ മുഖത്തുനോക്കി. "യജമാനൻ കണ്ണടച്ചാൽ എന്റെ കാൎയ്യം പൂജ്യംതന്നെ. എനിക്കു് ആകെ ഉള്ള ഒരു തണലാണു് യജമാനൻ" എന്നു് നമ്മുടെ റപ്പായി കുണ്ഠിതസ്വരത്തിൽ വിലപിക്കുന്നതു ഞാൻ കേട്ടു. കാരണവസ്ഥാനത്തേക്കു പാദമൂന്നുന്നതിന്നു് അക്ഷമനായി നമ്മുടെ കുട്ടപ്പൻ അകത്തുവന്നു എത്തിനോക്കുന്നതും "ഇനിയും ആയിട്ടില്ല" എന്ന ഭാവത്തിൽ പുറത്തേക്കുതന്നെ പോകുന്നതും ഞാൻ കാണാതിരുന്നില്ല. "മാലിപ്പുരയില്ലാതെ ദഹിപ്പിക്കുന്നതു തീരെ അസാദ്ധ്യമാണു്. ഈ നാട്ടുകൊണ്ടുപാതിരക്കുമുമ്പു ഓലകിട്ടാൻ പോകു

ന്നു" എന്നു ദേശക്കാരിൽ ഒരു മന്നൻ അഭിപ്രായപ്പെടുന്നതും എനിക്കു കേൾക്കാമായിരുന്നു. "പ്രോനോട്ടു കാലഹരണമാകാറായി. അതു മൂപ്പരെക്കൊണ്ടു മാറി എഴുതിച്ചു തരണം. അല്ലെങ്കിൽ നിങ്ങളെല്ലാവരും ചേർന്നെഴുതിത്തരണം. രണ്ടാലൊന്നു ചെയ്യാത്തപക്ഷം നാളെക്കാലത്തു അന്യായം ഫയലാകും. അത്രതന്നെ. അമ്മുവിന്റെ പുരപണിക്കു ഓടു വാങ്ങുവാൻ കടം വാങ്ങീട്ടുള്ളതാണു് കിട്ടോ" എന്നു ഉണ്ടികമഠത്തിൽ ശൂപ്പയ്യാപ്പട്ടര് കുട്ടപ്പനോടു പറയുന്നതും എന്റെ ചെവിയിലെത്തി. എന്റെ തലയ്ക്കലിരുന്നിരുന്ന പെട്ടി ആരോ എടുത്തുനീക്കുന്നതായി എനിക്കു തോന്നി. അതിനെ തുടർന്നു ചില വാഗ്വാദങ്ങളും ഉറപ്പികയെണ്ണലും ഞാൻ കേൾക്കാതിരുന്നില്ല. തൽസമയം എന്റെ ഹൃദയമൊന്നു കത്തി. ദിവസേന രണ്ടുനേരവും ഞാൻ എണ്ണിത്തിട്ടപ്പെടുത്തിവെക്കാറുള്ള രൂപ പരകരസ്ഥമായതോർത്തപ്പോൾ എനിക്കുണ്ടായ വ്യസനം സമാതീതം തന്നെയായിരുന്നു. എന്റെ കണ്ണിൽനിന്നു അശ്രുക്കൾ ധാരധാരയായി പൊഴിഞ്ഞു. എന്റെ വാത്സല്യഭാജനമായ റിസ്റ്റുവാച്ചും മാർഗ്ഗദർശിയായ കണ്ണടയും ജീവിതസർവ്വസ്വമായ കൃത്രിമദന്തങ്ങളും ഇതഃപരം ഉപയോഗശൂന്യങ്ങളായതോർത്തു നന്ന മനസ്താപമുണ്ടായി. പക്ഷെ, ഞാൻ മരിപ്പാൻ പോകയാണെന്ന വിചാരം എന്റെ ഉള്ളിൽ കടന്നിരുന്നതേയില്ല. എന്തോ ദൈവാധീനം. ഒരു സ്വപ്നം കാണുന്ന പോലെയാണു് എനിക്കു തോന്നിയതു്. അപ്പോഴേക്കും അതാ ഒരാൾ പുറപ്പെടുന്നു കുറെ ഗംഗയുമായിട്ടു്! എനിക്കു ഹൃദ്യമായ പാനീയം വേറെയൊന്നാണെന്നു രാമനു അറിയാഞ്ഞിട്ടല്ല. പലപ്പോഴും അവനെ പറഞ്ഞയച്ചു ആയതു ഞാൻ വരുത്തീട്ടുമുണ്ടു്. ആവകയിൽ രാമൻ എന്നെ കുറെ കബളിപ്പിച്ചിട്ടുമുണ്ടു്. അതൊക്കെ അവൻ വിസ്മരിച്ചിരിക്കുന്നു. കർക്കിടകമാസത്തിലെ കറുത്ത വാവുനാൾ, മഴ ധാരമുറിയാതെ പെയ്തുകൊണ്ടിരുന്ന ആ അവസരത്തിൽ—തണുപ്പുമാററാൻ അധികം പററിയ പാനീയം ഗംഗാജലമല്ലെന്നു് ആ വിഡ്ഢിക്കറിഞ്ഞുകൂടെന്നോ? അവൻ ഇത്ര വകതിരിവില്ലാത്തവനാണെന്നു ഞാൻ അപ്പോഴാണു് ധരിച്ചതു്. മഞ്ഞിൻകട്ടിയേക്കാൾ തണുത്ത പച്ചവെള്ളം അവൻ വരണ്ട ചുണ്ടിന്മേൽ ഇററിററുവീഴ്ത്തുന്നു. എനിക്കു അല്പമെങ്കിലും ശക്തിയുണ്ടായിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും പ്രതിഷേധിക്കുമായിരുന്നു. പക്ഷെ എനിക്കു നിശ്ശബ്ദമായി അതെല്ലാം അനുഭവിക്കയെന്നിയെ മറെറാന്നും ചെയ്യാൻ നിവൃത്തിയുണ്ടായിരുന്നില്ല. എന്തു ചെയ്യാം! ഓ! രാമന്റെ വക ജലധാര ഒരുവിധം കഴിഞ്ഞപ്പോൾ അതാ പുറപ്പെടുന്നു, കൃഷ്ണൻ. അവനെ തുടർന്നു ഗോവിന്ദൻ! ബന്ധുക്കളും ആശ്രിതന്മാരും മാറിമാറി വെള്ളം തരുന്നു. "നിസ്സഹായിയായ എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നുവല്ലോ ഈശ്വരാ!" എന്നു ഞാൻ വിചാരിച്ചു. എനിക്കിഷ്ടമുള്ള പാനീയം തരുന്നതിന്നു ഇവരാരും ഒരുക്കമില്ലെങ്കിലും അല്പം കാപ്പിയെങ്കിലും തരുന്നതിന്നു ഇവർക്കു തുനിയാമായിരുന്നില്ലേ? പരന്മാരുടെ ഇംഗിതമറിയാതെ പ്രവർത്തിക്കുന്നതു പലപ്പോഴും അസ്ഥാനത്തിലാകുമെന്നു എനിക്കപ്പോൾ തോന്നി. ഏതാണ്ടീ സമയത്തു് അവിടെ കൂടിയിരുന്നവരിൽ ഒരാ

ൾ "ഹാ! ആയിട്ടപ്പായി. നിലത്തിറക്കുകയല്ലേ?" എന്നു ചോദിക്കുന്നതായി ഞാൻ കേട്ടു. ഞാൻ വിചാരിച്ചു "ആരെ നിലത്തിറക്കുന്നു? എന്തിനു നിലത്തിറക്കുന്നു? എന്നെയാവാൻ വഴിയില്ല. മൃദുലമായ കിടക്കയിന്മേൽ അശക്തനായി കിടക്കുന്ന എന്നെ നിലത്തിറക്കിക്കിടത്തുന്നതിനു ആരും പറകയില്ല. പക്ഷെ അങ്ങനെ വന്നുകൂടെന്നില്ലല്ലോ. അധരോഷ്ഠങ്ങൾ വിടർത്തുവാൻപോലും വയ്യാത്ത ഒരാൾക്കു പച്ചവെള്ളം കോരിക്കോരിക്കൊടുപ്പാൻ മുതിരാതെങ്കിൽ ഈ തണുത്തനിലത്തു് ഇറക്കിക്കിടത്തുവാനും ഇവർ മടിക്കയില്ല." അപ്പോഴേയ്ക്കും കഴിഞ്ഞു നാലുപേർകൂടി പിടിച്ചു് എന്നെ "നിലത്തിറക്കൽ". "കാര്യം പററിയല്ലോ. ഞാൻ മരിക്കാനുള്ള ഭാവമാണെന്നോ? മരിച്ചാലത്തെ കഥയെന്തായിരിക്കും? ഹരി, ഹരി, ചിന്തിക്കാൻ പോലും പ്രയാസം. എന്നെ തീയിലിട്ടു ചുട്ടും പകൽ സമയംപോലും വഴി നടക്കുവാൻ പേടിക്കുന്ന ശ്മശാനത്തിൽ അർദ്ധരാത്രി സമയത്തുപോലും എനിക്കു കഴിച്ചുകൂട്ടേണ്ടിവരും. എന്റെ സിനിമകാണുന്ന പതിവു മുടങ്ങും. ക്ലബ്ബിൽ പോകുന്നതിനും അന്യരെ ദൂഷ്യം പറയലും മുടങ്ങും. പുതിയ മോഡൽ ഫോഡുകാർ വാങ്ങിയതു് ഉപയോഗശൂന്യമാകും. എന്റെ വാക്കിങ്ങ് സ്റ്റിക്കിനു മുകളിലൊളിക്കേണ്ടിവരും. എന്റെ ടോയിലററ്സിനു ജോലിയില്ലാതാവും. എനിക്കു് ഐസിട്ട ലമണേഡു കുടിക്കാൻ സാധിക്കയില്ല. തൃശ്ശിവപേരൂർ പൂരവും തൃപ്പൂണിത്തുറെ ഉത്സവവും കാണാൻ കിട്ടുകയില്ല. യോഗത്തിൽ ഹാജരാവാനോ പ്രസംഗങ്ങൾ ചെയ്യാനോ യാതൊന്നിനും പിന്നെ എനിക്കു സാധിക്കില്ല. 'വിലാസലഹരി' വായിക്കാനോ 'വിലാസലതിക' പഠിക്കുവാനോ മാർഗ്ഗമില്ലാതാകും. 'ഗോമതി' വായിപ്പാനോ 'കൈരളി' വായിപ്പാനോ അവസരമില്ലാതാകും. നാലുപേർ ചേരുന്നിടത്തു് എനിക്കു സ്ഥാനമുണ്ടാകയില്ല. കൊല്ലത്തിലൊരിക്കൽ ശ്രാദ്ധത്തിനു കിട്ടുന്ന ചെറിയ പിണ്ഡംകൊണ്ടു് എനിക്കു ക്ഷുത്തടക്കേണ്ടിവരും. ആകപ്പാടെ ഇതിന്നപ്പുറമുള്ള കാര്യം ചിന്തിച്ചാൽ വ്യസനിക്കാനേ വഴി കാണുന്നുള്ളൂ" മട്ടുമാറിത്തുടങ്ങി. ചുമരിന്മേൽ തൂക്കിട്ടുള്ള ചിത്രങ്ങൾ അനങ്ങുവാനും സംസാരിപ്പാനുമുള്ള വട്ടമായി. ചിത്രത്തിലെ ഗുരുവായൂരപ്പൻ കണ്ണടച്ചുമിഴിക്കുന്നു. മാർക്കണ്ഡേയന്റെ സമീപം നില്ക്കുന്ന യമധർമ്മരാജാവു് എന്റെ നേരെ പോത്തിനെ തെളിക്കുന്നു. മഹാത്മജി താണുതാണു തൊഴുന്നു, പല്ലില്ലാത്ത പച്ചച്ചിരി ചിരിക്കുന്നു. അകത്തു മൂലയ്ക്കൽ ഒരു സ്റ്റാണ്ടിന്മേൽ ടൈംപീസ്സ് ചുമന്നുകൊണ്ടു നില്ക്കുന്ന പ്രതിമ നടക്കുന്നു. ചുമരിലുറപ്പിച്ചിട്ടുള്ള മാനിന്റെ തല ഇളകുന്നു; അതിന്റെ ചെവിയാട്ടുന്നു. ഞാനും ലോകവുംകൂടി ഒന്നിച്ചു തിരിയുന്നു. എല്ലാം നിശ്ശബ്ദമാകുന്നു. അതഘട്ടത്തിൽ ചിത്രത്തിലുള്ള ഒരു ഗരുഡൻ പറന്നുവന്നു് എന്റെ മുഖത്തു നഖംകൊണ്ടു് ഒരു മാന്തു്. ഞാൻ അയ്യോ! എന്നൊരു നിലവിളി. കണ്ണുതുറന്നു നോക്കിയപ്പോൾ ഞാൻ പതിവായി കിടന്നുറങ്ങാറുള്ള കിടക്കമേൽതന്നെ കിടക്കുന്നുണ്ടു്. അപ്പോൾ എനിക്കുണ്ടായ ആശ്വാസം!!

എ. രാമപ്പൊതുവാൾ ബി. എ. ബി. എൽ.